അതിന്റെ ഫലമായി ഒരു സ്റ്റേ നിലവിലിരിക്കുകയാണു്. ആ സ്റ്റേ കൊടുത്തതിനുശേഷം പിന്നീടും പരാതികളുണ്ടായിട്ടുണ്ടു്. ഒരു പരാതി ഒരു പട്ടാളക്കാരനിൽനിന്നും കിട്ടിയതാണു്. അതിൽ ആ പട്ടാളക്കാരന്റെ വിസഹായയായ അമ്മ അവിടെ താമസിക്കുകയാണെന്നും, അവർ താമസിക്കുന്ന ഭൂമി അക്വയർ ചെയ്യരുതെന്നുമാണു്. സ്ഥലിലേയ്ക്കു് ആ സ്ഥലങ്ങളും ഉടനെ എടുത്തു് അവിടെ ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്ന സാധനങ്ങൾ ഉപയോഗപ്രദമാക്കിതീർക്കണമെന്നു് കാണിച്ചു് രണ്ടു തവണ കളക്ടർ ബി. എസ്. എസ്. ഗവണ്മെന്റിലേയ്ക്കു് പരാതിപ്പെട്ടിട്ടുണ്ടു്. എന്നായാലും കുറെസമയം അനുവദിച്ചുകൊടുത്താൽ ഇതെല്ലാം സമാധാനപരമായി തീർക്കാൻ സാധിക്കുമെന്നു് ഒരു എം. എൽ. എ. പറഞ്ഞിട്ടുള്ളതുകൊണ്ടു് അതിൽ കൂടുതൽ നടപടികളൊന്നും എടുക്കാതിരിക്കുകയാണു്. അദ്ദേഹം പറഞ്ഞ അവധി ഇനി ഒരു മാസമേയുള്ളു. അതിനകം ഇതെല്ലാം ഒതുക്കിതീർത്തില്ലെങ്കിൽ ഗവണ്മെന്റിൽ നിന്നും ആവശ്യമായ നടപടികളും എടുത്തു സ്ഥലം അക്വയർ ചെയ്യുന്നതാണു്. ഇത്രയും മാത്രമേ ഇതിനെ സംബന്ധിച്ചു് പറയുവാനുള്ളു.

## FINANCIAL BUSINESS.

### Voting on Demands For Grants.

*Demand XXIII–Fisheries.*

*Minister for Harijan Welfare and Fisheries* (**Shri K. Kunhambu**): Sir, I move that Government be granted a sum of Rs. 72,66,200 under Demand XXIII—Fisheries.

*Minister for Public Health* (**Shri M. P. Govindan Nair**): Sir, I second it.

**Mr. Speaker:** Cut motions No. 2 by Shri P. Viswambharan No. 3 by Shri K. Hassan Gani and No. 9 by Shri P. Ravindran may be moved.

Shri P. Viswambharan is not in his seat.

**Shri K. Hassan Gani:** Sir, I move

,'To reduce the total allotment of Rs. 72,66,200 under Demand XXIII by Rs. 100."

**Shri P. Ravindran:** Sir, I move

"To reduce the total allotment of Rs. 72,66,200 under Demand XXIII by Rs. 100".

**Mr. Speaker:** I call upon Shri P. Ravindran to initiate the discussion.

ശ്രീ. പി. രവീന്ദ്രൻ: സർ, മത്സ്യവ്യവസായം കേരളത്തിലെ സമ്പദ് വ്യവസ്ഥിതിയിൽ അതിപ്രധാനമായ ഒരു പങ്കുവഹിക്കുന്നുണ്ടു്. മത്സ്യാൽപാദനരംഗത്തു് പ്രധാനമായ ഒരു സ്ഥാനവും കേരളം ഇന്നു് കരസ്ഥമാക്കിയിട്ടുണ്ടു്. മത്സ്യാൽപാദനത്തിൽ ലോകത്തിലേക്കും വച്ചു് ആറാം സ്ഥാനം, കേരളത്തിനാണുള്ളതു്. അതുപോലെ ഇൻഡ്യയിലേക്കു് കേരളമാണു് മത്സ്യാൽപാദനരംഗത്തു് ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുള്ളതു്. കേരളത്തിന്റെ പ്രാദേശിക വരുമാനത്തിൽ ഗണ്യമായ ഒരു സംഭാവന മത്സ്യവ്യവസായം കൊണ്ടു കിട്ടുന്നുണ്ടു്. നമ്മുടെ മൊത്തം വരുമാനത്തിന്റെ മൂന്നര ശതമാനത്തോളം മത്സ്യവ്യവസായത്തിൽനിന്നു് കിട്ടുന്നുണ്ടു്. മൂന്നുകോടി വിദേശ



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

നാണ്യം ഈ വ്യവസായം നമുക്ക് സമ്പാദിച്ചു തരുന്നുണ്ട്. കേരളത്തിൽ നിന്ന് ഫിഷ് ഓയിൽ മിഡിൽ ഈസ്റ്റ്, ഹോളണ്ട്, യു കെ റഡ് കിംഗ്ഡം എന്നീ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. കൂടാതെ ഇവിടെ നിന്നും ഫിഷ്മീലും കയറ്റുമതി ചെയ്യുന്നുണ്ട്. നമ്മുടെ രാജ്യത്തെ ക്ഷ്യകമ്മി നികത്തുന്നതിന് മത്സ്യവ്യവസായം പ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. നമ്മുടെ ആഹാരത്തിലുള്ള പ്രോട്ടീന്റെ കുറവ് നികത്തുന്നതിനും മത്സ്യാഹാരം സഹായിക്കുന്നുണ്ട്. ഒരു ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകുന്നതിനും സഹായിക്കുന്ന ഒരു വ്യവസായമാണ് ഇതു്. അങ്ങനെ പല വിധത്തിലും നമ്മുടെ സമ്പദ്വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു വ്യവസായമാണ് മത്സ്യവ്യവസായം എന്നു് കാണാൻ കഴിയും. നമ്മുടെ നിരോധനപ്രവർത്തനങ്ങൾക്കും, ദേശീയ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഈ മത്സ്യവ്യവസായം സഹായിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് മത്സ്യവ്യവസായത്തിനു് പ്ലാനിംഗിൽ വളരെ ഉയർന്ന ഒരു സ്ഥാനം നൽകണമെന്നു് പൊതുവെ ഒരു അഭിപ്രായമുണ്ട്. ഈ പശ്ചാത്തലത്തിൽ നമ്മുടെ മത്സ്യവകുപ്പിന്റെ പ്രവർത്തനം പരിശോധിച്ചുനോക്കുമ്പോൾ, എനിക്ക് കടുത്ത നിരാശയാണ് ഉണ്ടായിട്ടുള്ളതു്. മൂന്നാം പഞ്ചവത്സര പദ്ധതിയിൽ മത്സ്യവ്യവസായ വികസനത്തിനുവേണ്ടി നാലര കോടിയോളം രൂപ നീക്കിവെച്ചിരുന്നു. എന്നാൽ ഇതുവരെയും കാലം കൊണ്ട് ഒരു കോടി പത്തു് ലക്ഷം രൂപ മാത്രമേ അതിലേക്ക് വേണ്ടി ചെലവാക്കാൻ സാധിച്ചിട്ടുള്ളൂ. ഈ മൂന്നു കൊല്ലം കൊണ്ടു ചെലവാക്കിയിട്ടുള്ളതിൽ, കഴിഞ്ഞകാലത്തെ അപേക്ഷിച്ച് ചില രംഗങ്ങളിൽ അൽപം പുരോഗതിയുണ്ടായിട്ടുണ്ടെന്നും ഞാൻ സമ്മതിക്കുന്നുണ്ട്. എന്നാൽ ചില രംഗങ്ങളിൽ അൽപം പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും പൊതുവേ നോക്കിയാൽ ഈ രംഗത്തുണ്ടായിട്ടുള്ള പ്രവർത്തനങ്ങളിൽ കടുത്ത നിരാശയാണ് ഉണ്ടാകുന്നതു്. അതിന്റെ എല്ലാ വിശദാംശങ്ങളിലേക്കും കടക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ എപ്പോഴത്തിനേയുംപറ്റി പറയാൻ ആഗ്രഹിക്കുന്നില്ല. ഉള്ള സമയം കൊണ്ട് മുഖ്യം ചില കാര്യങ്ങളും ഞാൻ പറയാം.

760 യന്ത്രവൽകൃത ബോട്ടുകളും മൂന്നാം പഞ്ചവത്സര പദ്ധതിയിൽ നൽകണമെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നതു്. എന്നാൽ ഇതുവരെ കൊടുത്തിട്ടുള്ളതു് ആകെ 165 ബോട്ടുകളും മാത്രമാണ്. ബാക്കി 595 ബോട്ടുകളും ഒരുകൊല്ലത്തിനകം കൊടുത്തുതീർക്കാൻ സാധിക്കുമോ ? ഇപ്പോഴത്തെ 50 ബോട്ടുകളും മാത്രമേ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നാണ് പറയുന്നതു്. അപ്പോൾ ബാക്കി 545 ബോട്ടുകളും ഒരു വർഷത്തിനകം കൊടുക്കാൻ കഴിയുമെങ്കിൽ മാത്രമേ 760 എന്ന പറയുന്ന ടാർജറിൽ എത്താൻ കഴിയുകയുള്ളൂ. ഈ ബോട്ടുകളും വിതരണം ചെയ്തതിനെപ്പറ്റി നോക്കുമ്പോൾ വലിയ നിരാശയാണ് അനുഭവപ്പെടുന്നതു്. മത്സ്യവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു് യന്ത്രീകൃത ബോട്ടുകളും നൽകണമെന്നു് എല്ലാവരും അംഗീകരിച്ചിട്ടുള്ളതാണ്. മഹാരാഷ്ട്രാ സംസ്ഥാനത്തെ അപേക്ഷിച്ചു് യന്ത്രവൽകൃത ബോട്ടുകളും വിതരണം ചെയ്യുന്നതിൽ നമ്മുടെ സംസ്ഥാനം വളരെ പിന്നോക്കമാണെന്നാണ് ലോകനാഥൻ റിപ്പോർട്ടിൽ പറയുന്നതു്. അതിൽ പറയുന്നതു്

"Unlike Maharashtra, Kerala has made very little progress in mechanising its fishing activity".

എന്നാണു്. അങ്ങനെ യന്ത്രവൽകൃത ബോട്ടുകളും വിതരണം ചെയ്യുന്ന കാര്യത്തിൽ ഈ വകുപ്പു് ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണു്. മാത്രമല്ല ബോട്ടുകളും വിതരണം ചെയ്യുന്ന കാര്യത്തിൽതന്നെ കഠിനമായി ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. ഈ ബോട്ടുകളും വിതരണം ചെയ്തിട്ടുള്ളതു് കിട്ടിയിട്ടുള്ളതു് പാവപ്പെട്ട മത്സ്യംപിടിക്കുന്ന തൊഴിലാളികൾക്കല്ല. സാമ്പത്തികശേഷിയുള്ള ആളുകളാണ് ഈ ബോട്ടുകളും അധികവും കയ്യടക്കുന്നതു്. ബോട്ടുകളും വിതരണം ചെയ്യുന്നതിൽ ഭരണകക്ഷിയിലെ അംഗങ്ങളും ഇടപെടുന്നുണ്ടെന്നും പത്രങ്ങളിൽ കാണുന്നുണ്ട്. സാമ്പത്തികശേഷിയുള്ള ആളുകളും

LIBRARY ARCHIVES Kerala Legislative Assembly

ബോട്ടുകൾ വാങ്ങി കമ്മീഷനിൽ വിൽക്കുകയാണു്. അങ്ങനെ ശരിയായ രീതിയിൽ ബോട്ടുകൾ വിതരണം ചെയ്യുന്ന കാര്യത്തിലും ഗവണ്മെന്റു പരാജയപ്പെട്ടിരിക്കുന്നുവെന്നു കാണാവുന്നതാണു്.

യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ചു് കടലിൽ പോയി മത്സ്യം പിടിക്കുന്ന സ്ഥലത്തോളംതന്നെ സാധാരണ ബോട്ടുകളും പോയി മത്സ്യം പിടിക്കുന്നുണ്ടു്. അങ്ങനെ ഇവയ്ക്കു് ഒരുതിത്തി നിശ്ചയിക്കാത്തതു കാരണം, സാധാരണ ബോട്ടിൽപോയി മത്സ്യം പിടിക്കുന്നവരും, യന്ത്രവൽകൃത ബോട്ടുകളിൽ പോയി മത്സ്യം പിടിക്കുന്നവരും തമ്മിൽ പലപ്പോഴും സംഘട്ടനം ഉണ്ടാകാറുണ്ടു്. ഈയിടെ കരുനാഗപ്പള്ളിയിൽ ഇത്തരത്തിലുള്ള ഒരു സംഘട്ടനം ഉണ്ടായി. ആദ്യം യന്ത്രവൽകൃത ബോട്ടിൽ മീൻപിടിക്കാൻ പോയവരും, സാധാരണ ബോട്ടിൽ മീൻപിടിക്കാൻ പോയവരും തമ്മിൽ കടലിൽവച്ചു് ഒരു സംഘട്ടനം ഉണ്ടായി. അതിനുശേഷം അവർ കരയ്ക്കുവന്നു് വീണ്ടും ഒരു സംഘട്ടനം ഉണ്ടായി, അതിന്റെ ഫലമായി പത്തു് ഇരുപതു് ആളുകളെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഒരു അതിർത്തി നിശ്ചയിക്കുന്നതിൽ ഗവണ്മെൻറിൽനിന്നും ഇതുവരെയായിട്ടും ഒരു നടപടിയും എടുത്തിട്ടില്ല. അതുകൊണ്ടു് മേലാലെങ്കിലും ഇത്തരത്തിലുള്ള സംഘട്ടനങ്ങളും ഒഴിവാക്കാൻ യന്ത്രവൽകൃത ബോട്ടുകളും സാധാരണ ബോട്ടുകളും കടലിൽ മത്സ്യം പിടിക്കുന്നതിൽ ഒരതിർത്തി നിശ്ചയിക്കേണ്ടതാവശ്യമാണു്.

ഇവിടെ ഒരു വല നിർമ്മാണഫാക്ടറി സ്ഥാപിക്കാൻ പോകുന്നുവെന്നു പറഞ്ഞു. കഴിഞ്ഞ വർഷം ഇതിനെ സംബന്ധിച്ചു് ചോദിച്ചപ്പോഴും, അതിനാവശ്യമായ ഭൂമി പൊന്നും വിലയ്ക്കു് എടുക്കുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണെന്നു മറുപടി പറയുകയുണ്ടായി. എന്നാൽ ഇത്തവണ അതിനെപ്പറ്റി ചോദിച്ചപ്പോഴും പറയുന്നതു് അതിനാവശ്യമായ ഭൂമി പൊന്നുംവിലയ്ക്കു് എടുക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിരിക്കുകയാണെന്നാണു്. അങ്ങനെ ഒരേ രീതിയിലുള്ള ഉത്തരംതന്നെയാണു് രണ്ടു വർഷം കൊണ്ടു കേൾക്കുന്നതു്. കഴിഞ്ഞ പ്രാവശ്യം പറയുകയുണ്ടായി, അതിനാവശ്യമായ യന്ത്രങ്ങളും വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നു്. ഈ വർഷവും അതുതന്നെയാണു് പറയുന്നതു്. വിദേശനാണ്യവിനിമയത്തെ സംബന്ധിച്ചു് വിഷമം ഉണ്ടാകുമെന്നു് കഴിഞ്ഞപ്രാവശ്യവും ഇപ്പോഴും പറയുകയുണ്ടായി. അങ്ങനെ ഇതു് മൂന്നാം പഞ്ചവത്സരപദ്ധതിയിൽ തന്നെ തുടങ്ങാൻ കഴിയുമോയെന്നു് സംശയമാണു്. കേന്ദ്രത്തോടു് ആവശ്യമായ സമ്മർദ്ദം ചെലുത്തി വലനിർമ്മാണ ഫാക്ടറിക്കാവശ്യമായ വിദേശനാണ്യം സമ്പാദിക്കാൻ ഈ ഗവണ്മെൻറിനു് ഇതുവരെയായിട്ടും കഴിഞ്ഞിട്ടില്ല. അല്ലെങ്കിൽ പിന്നെ കഴിഞ്ഞ വർഷം പറഞ്ഞ അതേ വാചകവും വാക്കും തന്നെ ഒരു വ്യത്യാസവും വരുത്താതെ ഈ പ്രാവശ്യവും പറയുമായിരുന്നില്ല. ഏതായാലും അതിനെ സംബന്ധിച്ചു് വലിയ പ്രതീക്ഷ ഉണ്ടെന്നു് തോന്നുന്നില്ല.

സർ, ഐസു് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി നീക്കിവച്ചിരുന്ന തുക എങ്ങനെ ചെലവാക്കി എന്നുള്ളതു പരിശോധിച്ചുനോക്കിയാലും വലിയ കഷ്ടമാണു്. എട്ടു ഐസുപ്ലാൻറുകൾ മൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു് ഇവിടെ സ്ഥാപിക്കുമെന്നു പറഞ്ഞിരുന്നു. അതിൽ മാടായിലെ ഒരു ഐസു് പ്ലാൻറു മാത്രമാണു് കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടുള്ളതു്. വള്ളാംകടവിലെ ഐസുപ്ലാൻറു താമസിയാതെ കമ്മീഷൻ ചെയ്യുമെന്നാണു് ഗവണ്മെൻറു് പറഞ്ഞിട്ടുള്ളതു്. രണ്ടുംകൂടി ചേർത്താലും എട്ടിൽ രണ്ടെണ്ണം മാത്രമേ ഇതിനകം കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. കോൾഡു് സ്റ്റോറേജു് പത്തെണ്ണം ഉണ്ടാക്കുമെന്നു പറഞ്ഞിരുന്നു. അതിൽ മൂന്നു കോൾഡു് സ്റ്റോറേജു് സ്ഥാപിക്കുന്നതിന്റെ പ്രാരംഭ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നാണു് ഇപ്പോഴും പറയുന്നതു്. അതുപോലെ 20 ഇൻസുലേഷൻ വാൻ സപ്ലൈ ചെയ്യുമെന്നു പറഞ്ഞിരുന്നു, അതിനു കഴിഞ്ഞവർഷം പറഞ്ഞതു് ആറു ഇൻസുലേഷൻ വാൻ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നാണു്. അതിന്റെ ബാഡിബിൽഡിംഗു് നടക്കുന്നുണ്ടെന്നാണു് ഇപ്പോഴും പറയുന്നതു്. അങ്ങനെ അതിൽ ആറെണ്ണം സപ്ലൈ ചെയ്യുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: ആറെണ്ണം സപ്ലൈ ചെയ്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. രവീന്ദ്രൻ: പക്ഷെ ഞങ്ങൾക്കു അച്ചടിച്ചു തന്നിട്ടുള്ള പുസ്തകത്തിൽ പറയുന്നതു് ആറെണ്ണം കൊടുക്കുമെന്നാണു്. അതുപോലെ കരിയർ ബോട്ട്സ് പത്തെണ്ണം മൂന്നാംപഞ്ചവത്സര പദ്ധതിക്കാലത്തു് കൊടുക്കുമെന്നു പറഞ്ഞിരുന്നു. അതിൽ രണ്ടെണ്ണം വാങ്ങിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നാണു് ഞങ്ങളുടെ കൈവശം കിട്ടിയിട്ടുള്ള രേഖകളിൽനിന്നു് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. ഇങ്ങനെ ആ രംഗം പരിശോധിച്ചുനോക്കിയാൽ ഗവണ്മെന്റു ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണെന്നു കാണാൻകഴിയും.

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തെ സംബന്ധിച്ചു് ഞാനൊന്നും പറയുന്നില്ല. കഴിഞ്ഞവർഷം അതേപ്പറ്റി ഞാൻ സംസാരിച്ചിട്ടുണ്ടു്. യാതൊരു പുരോഗതിയും ആ രംഗത്തു് ഉണ്ടാക്കാൻ ഗവണ്മെൻറിനു് കഴിഞ്ഞിട്ടില്ല. അവിടെ അപ്രോച്ചുറോഡിനു വേണ്ടിയുള്ള പണി നടക്കുന്നുണ്ടെന്നു പറയുകയാണു്. ഒരു ബ്രേക്കു് വാട്ടർ ഉണ്ടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നു പറഞ്ഞു. പക്ഷെ അതിനാവശ്യമായ ഗ്രെയിൻസും ഡ്രിൽസും ഇതുവരെ വാങ്ങാൻ കഴിഞ്ഞിട്ടില്ല; അതിനു് ഫാറിൻ എക്സ്ചേഞ്ചു് സമ്പാദിക്കാൻ കഴിഞ്ഞിട്ടില്ല. അതിനുവേണ്ടി ഗവണ്മെൻറു് എന്തു നടപടി നടത്തിയെന്നു അറിയുകയില്ല. അതിനുവേണ്ടിയുള്ള ഫാറിൻ എക്സ്ചേഞ്ചു് കിട്ടുമോ എന്നുള്ളതിനെപ്പറ്റി യാതൊരു ധ്വനിയും ഗവണ്മെൻറിന്റെ ഈ രേഖകളും പരിശോധിച്ചതിൽനിന്നു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. വിഴിഞ്ഞം ഹാർബറിന്റെ പ്രവർത്തനവും മന്ദീഭവിച്ചു കിടക്കുകയാണു് ചെയ്യുന്നതു്. അതിന്റെ വികസനംപോലും പരിശോധിക്കണമെന്നു ഗവണ്മെൻറിനു ഉദ്ദേശമില്ല.

അതുപോലെ പ്രധാനമായ മറെറാരു കാര്യം എനിക്കു് ചൂണ്ടിക്കാണിക്കുവാനുണ്ടു്. വികസനപ്രവർത്തന രംഗത്തു് ഗവണ്മെൻറു് അതിദയനീയമായി പരാജയപ്പെട്ടിരിക്കുന്നതുപോലെ തൊഴിലാളി ക്ഷേമപ്രവർത്തന രംഗത്തും ഗവണ്മെൻറു് പരാജയപ്പെട്ടിരിക്കുകയാണു്. മത്സ്യത്തൊഴിലാളികൾ ഏറെറവും അവശതയനുഭവിക്കുന്ന ഒരുവിഭാഗം തൊഴിലാളികളാണു്. ഒരു തൊഴിലാളിയുടെ പ്രതിവർഷ വരുമാനം 85 രൂപയാണെന്നാണു് കണക്കാക്കിയിട്ടുള്ളതു്. അതായതു് പെർ ക്യാപിറ്റ ഇൻകമിന്റെ മൂന്നിലൊന്നു മാത്രമേ മത്സ്യത്തൊഴിലാളികൾക്കുള്ളു എന്നുള്ളതാണു് വസ്തുത. 1958–ൽ ഈ ഡിപ്പാർട്ടുമെൻറു് നടത്തിയ ഒരു സർവ്വേയിൽതന്നെ വളരെ ദുഃഖകരമായ പല സത്യങ്ങളും വെളിപ്പെടുത്തിയിട്ടുണ്ടു്. മത്സ്യത്തൊഴിലാളികളുടെ ആസ്തി 30 ലക്ഷവും ബാദ്ധ്യത 135 ലക്ഷവുമാണെന്നാണു് ആ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതു്. വളരെ ദുരിതപൂർണ്ണമായ ഒരു ജീവിതമാണു് അവർ നയിക്കുന്നതു്. അവർക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക ചെലവാക്കിയിരിക്കുന്നതു നാമൊന്നു പരിശോധിച്ചുനോക്കേണ്ടതാണു്. മൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്തു് ആയിരം വീടുകൾ മത്സ്യത്തൊഴിലാളികൾക്കു് ഉണ്ടാക്കിക്കൊടുക്കുമെന്നു പറഞ്ഞിരുന്നു. രണ്ടായിരംരൂപ ചെലവുവരുന്ന ആയിരം വീടുകൾക്കു് 20 ലക്ഷംരൂപ നീക്കിവച്ചിരുന്നു. ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളതു് 65 വീടുകൾ മാത്രമാണെന്നുള്ളതു് ഈ സഭ അറിഞ്ഞിരിക്കേണ്ട ഒരു കാര്യമാണു്. ആകെ അതിനുവേണ്ടി കഴിഞ്ഞ മൂന്നു വർഷമായി ചെലവാക്കിയിട്ടുള്ള തുക മൂന്നു ലക്ഷത്തിലധികമാണു്. 20 ലക്ഷത്തിൽ മൂന്നു ലക്ഷംരൂപാ മാത്രമേ ഗവണ്മെൻറു് ചെലവാക്കിയിട്ടുള്ളു. ആയിരം വീടുകൾ മൂന്നാം പദ്ധതിക്കാലത്തു് ഉണ്ടാക്കിക്കൊടുക്കുമെന്നുള്ളതിൽ ഇതുവരെയായി 65 വീടുകൾ മാത്രമേ ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നുള്ളതിൽനിന്നുതന്നെ ഈ ഗവണ്മെൻറിനു് മത്സ്യത്തൊഴിലാളികളുടെ കഷ്ടതയിലും ദുഃഖത്തിലും എത്രമാത്രം സ്നേഹമുണ്ടെന്നു മനസ്സിലാക്കാൻ കഴിയും. അങ്ങനെ ഇവിടെയുള്ള മത്സ്യത്തൊഴിലാളികൾക്കു്, ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന മത്സ്യത്തൊഴിലാളികൾക്കു് വീടുണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ ഈ ഗവണ്മെൻറു് അതിദയനീയമായി പരാജയപ്പെട്ടിരിക്കുകയാണെന്നു ഞാൻ ആക്ഷേപം പറയുകയാണു്. ഈ കാര്യങ്ങളെല്ലാം സഭ പരിശോധിക്കേണ്ട വസ്തുതകളാണു്. എങ്കിലും മത്സ്യത്തൊഴിലാളികൾക്കു് ചില്ലറ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിനുവേണ്ടി സാമാന്യം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ദേപ്പെട്ട ഒരു തുക നീക്കിവച്ചിട്ടുണ്ടായിരുന്നു. അതിൽ ഒരു കാര്യം പ്രത്യേകമായി സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. 1963–64-ൽ മൂന്നാംവർഷത്തെ പരിപാടി എന്നു പറഞ്ഞുകൊണ്ടു് വന്നിരിക്കുന്ന ആ രംഗത്തിലും1964–65-ലെ നാലാം വർഷത്തെ പരിപാടികളും എന്നു പറഞ്ഞിരിക്കുന്ന ആ രംഗത്തിലും വ്യത്യസ്തമായ കണക്കുകളാണു് പറഞ്ഞിട്ടുള്ളതു്. 50 ലാൻറിംഗ്സെൻറേഴ്സ് ഉണ്ടാക്കിക്കൊടുക്കുമെന്നു 1963-64-ൽ പറഞ്ഞിരുന്നു. ഇപ്പോഴത്തെ കണക്കു നോക്കിയാൽ അതു 40 ആക്കി കുറച്ചിരിക്കുന്നു. 60 കിണർ കുഴിച്ചുകൊടുക്കുമെന്നു പറഞ്ഞിരുന്നതു് ഇപ്പോൾ 50 ആക്കി കുറച്ചിരിക്കുന്നു. 100 കക്കൂസ് ഉണ്ടാക്കിക്കൊടുക്കുമെന്നു പറഞ്ഞിരുന്നതു് 80 ആക്കി കുറച്ചിരിക്കുന്നു. 30 മൈൽ റോഡുണ്ടാക്കുമെന്നു പറഞ്ഞതു് 15 മൈലായി കുറച്ചു. എന്തു കാരണവശാലാണു് ഈ പദ്ധതികളിൽ കുറവു വരുത്തിയതെന്നുള്ള കാര്യം സഭക്കു് അറിയേണ്ട ആവശ്യമുണ്ടു്. ഇതിൻറെ ഫിസിക്കൽ ടാർജറ്റു് പരിശോധിച്ചു് നോക്കിയിട്ടുണ്ടു്. 40 ലാൻറിംഗ് സെൻറേഴ്സിൽ ഇതുവരെ കംപ്ലീറ്റു ചെയ്തിട്ടുള്ളതു് രണ്ടെണ്ണം മാത്രമാണു്. 50 കിണർ കുഴിച്ചുകൊടുക്കാമെന്നു പറഞ്ഞതിൽ ഇതുവരെയായി കുഴിച്ചുകൊടുത്തിട്ടുള്ളതു് ആറെണ്ണമാണു്. 80 കക്കൂസ് ഉണ്ടാക്കിക്കൊടുക്കാമെന്നു പറഞ്ഞിരുന്നതിൽ ഒരെണ്ണംപോലും ഇതുവരെയായി ഉണ്ടാക്കിക്കൊടുത്തിട്ടില്ല. 15 മൈൽ റോഡുണ്ടാക്കിക്കൊടുക്കുമെന്നു പറഞ്ഞിരുന്നതിൽ ആറര ഫർലാംഗാണു് ഇതുവരെയായി ഉണ്ടാക്കിക്കൊടുത്തിട്ടുള്ളതു്. മത്സ്യത്തൊഴിലാളികൾക്കു് പില്ലറു സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി നീക്കിവച്ചിരുന്ന തുക ഇതു കുറേകൂടി യായ രീതിയിലാണു് ഈ ഗവണ്മെൻറു് ചെലവാക്കിയിരിക്കുന്നതു് എന്നുള്ള കാര്യം ഈ സഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണു്. 100 കക്കൂസ് ഉണ്ടാക്കി കൊടുക്കാമെന്നു പറഞ്ഞിട്ടു് ഒരൊറ്റ കക്കൂസ്പോലും ഉണ്ടാക്കിക്കൊടുക്കാൻ ഈ ഗവണ്മെൻറിനു കഴിഞ്ഞോ എന്നു ഞാൻ ചോദിക്കുകയാണു്. അതിനു ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണമെന്നു ഞാൻ ആവശ്യപ്പെടുകയാണു്. ഇതിൽ ഫാറിൻ എക്സ്ചേഞ്ചിൻറെ പ്രശ്നമൊന്നുമില്ലല്ലോ. ഈ കക്കൂസുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു് വിദേശരാജ്യത്തിൻറെ സഹായം ആവശ്യമില്ല. എന്നിട്ടുപോലും ഈ രംഗത്തു് ഗവണ്മെൻറു് അതിദയനീയമായി പരാജയപ്പെട്ടിരിക്കുകയാണു്. ഈ ഗവണ്മെൻറു് മത്സ്യവ്യവസായത്തിൻറെ പ്രാധാന്യം നമ്മുടെ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം എന്തുണ്ടെന്നുള്ളതു് ഇതുവരെ മനസ്സിലാക്കിയിട്ടില്ല. മത്സ്യബന്ധനത്തിനാവശ്യമായ യന്ത്രവൽകൃത ബോട്ടുകളും വാങ്ങുന്നതിനാവശ്യമായ നടപടികളും ഗവണ്മെൻറു് ഇതുവരെ സ്വീകരിച്ചിട്ടില്ല. മാക്കറിംഗിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടില്ല. ഇന്നു അതെല്ലാം പ്രബലരായ ആളുകളുടെ കൈവശത്തിലിരിക്കുകയാണു്. സഹകരണസംഘങ്ങളും ഉണ്ടായിട്ടും മത്സ്യത്തൊഴിലാളികൾക്കു് ന്യായമായ പ്രാതിനിദ്ധ്യം ലഭിച്ചിട്ടില്ല. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുക ഇതുവരെ കാര്യമായി ചെലവാക്കിയിട്ടില്ല. ആകെക്കൂടി നോക്കുമ്പോൾ ഈ രംഗത്തു് ഗവണ്മെൻറു് അതിദയനീയമായി പരാജയപ്പെട്ടിരിക്കുകയാണു്. നമ്മുടെ സമ്പദ്വ്യവസ്ഥയുടെ ഏറ്റവും പ്രധാനമായ ഒരു ഘടകം എന്നുള്ള നിലയിൽ മത്സ്യവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു് ഗവണ്മെൻറു് കാര്യമായ ശ്രദ്ധ പതിപ്പിച്ചിട്ടില്ലെന്നുള്ള കുറ്റം ഞാൻ ആരോപിക്കുകയാണു്. എൻറെ ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എം. കൃഷ്ണൻ : സർ, മത്സ്യോൽപ്പാദനത്തിൽ ഈ സ്റ്റേറ്റു് ഇൻഡ്യാരാജ്യത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയിരിക്കുകയാണു്. ഇൻഡ്യയിൽ ഉണ്ടാവുന്ന മത്സ്യത്തിൽ നാലിലൊരുഭാഗം നമ്മുടെ സ്റ്റേറ്റിലാണു് ഉണ്ടാവുന്നതു്. ഇവിടെയുള്ള നീണ്ട കടൽതീര പ്രദേശങ്ങളിലും അതുപോലെതന്നെ നദികളിലും തോടുകളിലും എല്ലാം ധാരാളം മത്സ്യം കിട്ടുന്നതിനുള്ള സൗകര്യമുണ്ടു്. ക്ഷ്യസാധനത്തെ സംബന്ധിച്ചിടത്തോളം ഒരു കമ്മിപ്രദേശമായ നമ്മുടെ സ്റ്റേറ്റിൽ മത്സ്യവ്യവസായത്തെ സംബന്ധിച്ചിടത്തോളം വേണ്ട പ്രോത്സാഹനം നൽകുകയാണെങ്കിൽ ക്ഷ്യക്കമ്മി ഇല്ലാതാക്കുന്നതിനു സാധിക്കുന്നതാണു്. ഈ സ്റ്റേറ്റിലെ 80 ശതമാനം ആളുകളും മത്സ്യം ക്ഷ്യക്കുന്നവരാണെന്നാണു കാണുന്നതു്. അതുകൊണ്ടു് മത്സ്യത്തെ സംബന്ധിച്ചിടത്തോളം

[ശ്രീ. എം. കൃഷ്ണൻ]

അതു് ഉൽപ്പാദിപ്പിക്കുന്നതിനും പിടിക്കുന്നതിനുമുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം വളരെ ശ്രദ്ധയോടുകൂടി പ്രവർത്തിക്കാൻ കഴിയുകയാണെങ്കിൽ ക്ഷേത്യകമ്മിയിലുള്ള പോരായ്മ കുറെയെല്ലാം നികത്താൻ സാധിക്കുന്നതാണു്. നമ്മുടെ ഈ സ്റ്റേറ്റിൽ മത്സ്യവ്യവസായ വികസനത്തിനുവേണ്ടി 450 ലക്ഷം രൂപയായിരുന്ന മൂന്നാം പദ്ധതിയിൽ നീക്കിവച്ചിരുന്നതു്. 3 വർഷം തികയാൻ പോകുന്ന ഈ അവസരത്തിൽ ഇതുവരെയായി 120 ലക്ഷം ഉറുപ്പിക മാത്രമേ ചെലവാക്കിയുള്ളൂ എന്നവരുമ്പോൾ ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ശ്രദ്ധയോടെ പ്രവർത്തിച്ചില്ല എന്നുള്ളതു് വളരെ വ്യക്തമാണു്. ഈ മൂന്നാംവർഷം തികയുമ്പോഴേക്കും 270 ലക്ഷം ഉറുപ്പികയുടെ പ്രവർത്തനങ്ങൾ നടത്തേണ്ടിടത്തു് 120 ലക്ഷം ഉറുപ്പികയുടെ പ്രവർത്തനം മാത്രമേ നടത്തിയുള്ളൂ എന്നവരുമ്പോൾ ഇതിനെ സംബന്ധിച്ചിടത്തോളം വളരെ ശ്രദ്ധയോടെ ഈ ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്തിട്ടില്ലെന്നു വളരെ വ്യക്തമായി മനസ്സിലാകുന്നുണ്ടു്. അതുകൊണ്ടു് ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടു് വരാൻ പോകുന്ന രണ്ടുകൊല്ലങ്ങളിലെങ്കിലും 450 ലക്ഷം രൂപയും ചെലവുചെയ്തുകൊണ്ടു് മത്സ്യവ്യവസായത്തെ സംബന്ധിച്ചിടത്തോളം പരിപൂർണ്ണത വരുത്തുമെന്നു് വിശ്വസിക്കുകയാണു്. ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം യന്ത്രീകൃതബോട്ടുകളും ഉണ്ടാക്കിക്കൊണ്ടു് കൂടുതൽ ഉൽപ്പാദനവും തൊഴിലാളികൾക്കു് ക്ഷേമവും ഉണ്ടാക്കുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. 1962–63–ൽ 32 ബോട്ടുകളും വിതരണം ചെയ്തതായി കാണുന്നുണ്ടു്. ഈ വർഷത്തിൽ 40 ബോട്ടുകളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതായും കാണുന്നുണ്ടു്. വരുന്ന 1964–65–ൽ 50 ബോട്ടുകളും വിതരണം ചെയ്യണമെന്നാണു് ഉദ്ദേശിക്കുന്നതു്. ബോട്ടുവിതരണത്തെ സംബന്ധിച്ചിടത്തോളം സഹകാര്യ വ്യക്തികൾക്കും സഹകരണസംഘങ്ങൾക്കും, പരിശീലനം കഴിഞ്ഞ മത്സ്യത്തൊഴിലാളികൾക്കും യന്ത്രീകൃത ബോട്ടുകളും കൊടുക്കുന്നതായി കാണുന്നുണ്ടു്.

ശ്രീ. കെ. കുഞ്ഞമ്പു : സഹകാര്യ വ്യക്തികൾക്കു ബോട്ടു കൊടുക്കുന്ന വ്യവസ്ഥയില്ല.

ശ്രീ. എം. കൃഷ്ണൻ : അങ്ങനെ കൊടുക്കുന്നില്ലെങ്കിൽ നല്ലതുതന്നെ. യന്ത്രീകൃത ബോട്ടുകളും വിതരണം ചെയ്യുന്നതിനായിതന്നെ നാലു കേന്ദ്രങ്ങളും ഉണ്ടാക്കിക്കൊണ്ടു് കൊല്ലംതോറും 60 പേർക്കു് പരിശീലനം കൊടുക്കാനാണു് ഉദ്ദേശിക്കുന്നതു്. കൊല്ലത്തിൽ 240 പേർ പരിശീലനം കഴിഞ്ഞു പുറത്തുവരുന്നു. പരിശീലനം കഴിഞ്ഞ രണ്ടുപേർക്കു് ഒരു ബോട്ടുവീതം കൊടുക്കാനാണു് ഉദ്ദേശിക്കുന്നതെങ്കിൽ 240 ആളുകൾക്കു് കൊല്ലത്തിൽ 120 ബോട്ടുകളും വിതരണം ചെയ്യുന്നതിനു് സന്നദ്ധമാകണം. എന്നാൽ 50 ബോട്ടുകൾമാത്രമേ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുള്ളൂ എന്നു വരുമ്പോൾ പരിശീലനം കഴിഞ്ഞ ബാക്കി തൊഴിലാളികൾക്കു് ഏതുരീതിയിലാണു് ബോട്ടുകൊടുക്കാൻ പോകുന്നതെന്നു മനസ്സിലാകുന്നില്ല. ഇന്നു് യന്ത്രീകൃതബോട്ടുകളെ സംബന്ധിടത്തോളം മി. രവീന്ദ്രൻ ചൂണ്ടിക്കാണിക്കുകയുണ്ടായി, ഇവിടെ വളരെ ആഴക്കടലിൽനിന്നു് മത്സ്യം പിടിക്കുന്നതിനുവേണ്ടി ഉദ്ദേശിച്ചാണു് മത്സ്യത്തൊഴിലാളികൾക്കു് യന്ത്രീകൃതബോട്ടുകളും കൊടുക്കുന്നതെന്നു്. എന്നാൽ കരയോരപ്രദേശങ്ങളിൽനിന്നു് മത്സ്യം പിടിക്കുന്നതിന്റെ ഫലമായി തോണിയും, വലയുമായി പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കു് മത്സ്യം കിട്ടാതെ വരുന്നുണ്ടു്. അതുകൊണ്ടു് ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ആഴക്കടലിൽനിന്നുതന്നെ യന്ത്രീകൃതബോട്ടുകളും ഉപയോഗിച്ചു് മത്സ്യം പിടിക്കുന്നതിനുള്ള ഏർപ്പാടു ചെയ്യേണ്ടതുണ്ടു്. ഉദ്യോഗസ്ഥന്മാർക്കും ഫിഷ് കൃറീങ്ങ് യാർഡുകൾക്കും അധികാരങ്ങളും കൊടുത്തുകൊണ്ടു് ഈ കാര്യങ്ങളെ സംബന്ധിച്ചു് കാര്യക്ഷമമായി പരിശോധിക്കേണ്ടതു് അത്യാവശ്യമാണു്.

മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചടത്തോളം മത്സ്യം കയറ്റി അയയ്ക്കുന്നതിൽനിന്നു് നാലുകോടി രൂപ വരവുണ്ടായിട്ടുണ്ടു്. ഇങ്ങനെ നാലു കോടി രൂപയുടെ വിദേശനാണയം കിട്ടുന്നുണ്ടു്. ഈ രാജ്യത്തെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളം ക്ഷേമകമ്മി ഇല്ലാതാക്കുന്നതിനും അതുപോലെതന്നെ വിദേശനാണ്യം നേടിത്തരുന്നതിനും ഉത്സാഹിച്ചു പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികളുടെ നില വളരെ പരിതാപകരമാണു്. ഈ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കൊല്ലത്തിൽ നാലഞ്ചുമാസംമാത്രമേ ജോലി ഉണ്ടായിരിക്കുകയുള്ളു. ബാക്കിയുള്ള എല്ലാദിവസവും പട്ടിണിയും കണ്ണുനീരുമായി കഴിയുകയാണു് ഇതുമധികം അദ്ധ്വാനിക്കാൻ തയ്യാറുള്ള പുരുഷന്മാരും സ്ത്രീകളും മറ്റു സമുദായങ്ങളിൽ ഉണ്ടോ എന്നു് സംശയമാണു്. ഇവരുടെ കാര്യം ഗവണ്മെന്റു് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. ഇന്നു് സ്ത്രീകളെ സംബന്ധിച്ചിടത്തോളം ചകിരി വ്യവസായവും അതുപോലെതന്നെ തീപ്പെട്ടി വ്യവസായവും മറ്റു കുടിൽവ്യവസായങ്ങളുമെല്ലാംതന്നെ തീരപ്രദേശങ്ങളിൽ ഉണ്ടാക്കുകയാണെങ്കിൽ സ്ത്രീതൊഴിലാളികൾക്കു് ജോലിയുണ്ടാകും. ഇന്നു് ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നില്ക്കുകയാണു്. കടൽത്തീരപ്രദേശങ്ങളിൽ വളരെ ചുരുക്കം സ്കൂളുകൾമാത്രമേയുള്ളു. അതുകൊണ്ടു് വിദ്യാഭ്യാസകാര്യത്തിൽ ഇവർ പിന്നണിയിൽ നിൽക്കുകയാണു്. ധനികന്മാരായ ആളുകളിൽനിന്നു് ചൂഷണം അനുഭവിക്കുന്ന ഒരു കൂട്ടം തൊഴിലാളികളാണു് ഇവരെന്നു് ബഹുമാനപ്പെട്ട മന്ത്രിതന്നെ അറിയാം. അവരുടെ പ്രവൃത്തിയിൽനിന്നു് അവർക്കുകിട്ടുന്ന മുഴുവൻ സംഖ്യയും ഉപയോഗിക്കാൻ സാധിക്കാതെ വരികയാണു്. ഇന്നു് ഈ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കടൽക്ഷോഭംകൊണ്ടും മറ്റും വലയുന്ന അവസരത്തിൽ തോണിയും വലയും എല്ലാംതന്നെ നശിച്ചുപോകുമ്പോൾ ധനസഹായം ചെയ്യുന്നതിനുവേണ്ടി ഗവണ്മെന്റു് ഒരു നിധി ഏർപ്പെടുത്തിയതിൽ സന്തോഷമുണ്ടു്. അഞ്ചുലക്ഷം ഉറുപ്പികയുടെ ഒരു ഫണ്ടുണ്ടാക്കിക്കൊണ്ടു് ഇത്തരം സന്ദർഭത്തിൽ സഹായം ചെയ്യുന്നതിനുവേണ്ടി മുന്നോട്ടു വന്നിട്ടുള്ളതിൽ സന്തോഷിക്കുകയാണു്. പക്ഷേ നാലും അഞ്ചും മാസംമാത്രം ജോലിയുള്ള ഇവർ ബാക്കി ഏഴുമാസങ്ങളിലും എങ്ങനെ ജീവിക്കണമെന്ന കാര്യത്തെ സംബന്ധിച്ചു് ഗവണ്മെന്റു് കാര്യമായി കരുതിയിട്ടില്ല. കശുവണ്ടി വ്യവസായത്തെ സംബന്ധിച്ചിടത്തോളം അതു് കയറ്റി അയയ്ക്കുന്ന അവസരത്തിൽ സെസ്സു് പിരിച്ചുകൊണ്ടു് ക്ഷേമഫണ്ടു് ഉണ്ടാക്കിയതുപോലെ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളവും കയറ്റി അയയ്ക്കുന്ന മത്സ്യത്തിൽനിന്നു് ഒരു ഫണ്ടു് ഉണ്ടാക്കിക്കൊണ്ടു് അവർക്കു് തൊഴിൽ ഇല്ലാത്തകാലത്തു് സഹായം നൽകുന്നതിനുവേണ്ടിയുള്ള പരിശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു. മറ്റൊരുകാര്യം എനിക്കു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ടു്. മലബാറിൽ പ്രവർത്തിക്കുന്ന ഡിസ്ട്രിക്റ്റു് ഫിഷർമെൻ കോപ്പറേറ്റീവു് സൊസൈറ്റി എന്ന സംഘം അവിടെയുള്ള മത്സ്യം വാങ്ങി സൂക്ഷിച്ചു് വലിയ വിലയ്ക്കു വിറ്റുകൊടുക്കുന്നതുമാതിരിയുള്ള മാർക്കറ്റിംഗ് സംഘമാണു്. അതിനു് ഗവണ്മെന്റു് അനുവദിച്ചിട്ടുള്ള സഹായധനം വെറും 50,000 രൂപയാണു്. ഈ 50,000 രൂപകൊണ്ടു് ഈ ബിസിനസ് നടത്താൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഒരുലക്ഷം രൂപയെങ്കിലും അനുവദിച്ചുകൊടുക്കേണ്ടതും, കോഴിക്കോട്ടുള്ള ഫ്രീസിംഗ് പ്ലാന്റു് ഈ സംഘത്തിനു വിട്ടുകൊടുക്കേണ്ടതും ഏറ്റവും അത്യാവശ്യമാണു്. കൃഷിക്കാർക്കു് അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് പ്രൊഡ്യൂസേഴ്സ് സെയിൽസ് സൊസൈറ്റികൾ എങ്ങനെ ഉപകരിക്കുന്നുവോ അതുപോലെ കച്ചവടക്കാർക്കു് സാധനങ്ങൾ പണയമായി വച്ചു് പണം വാങ്ങുന്നതിനുംമറ്റും വെയർഹൗസിംഗ് കോർപ്പറേഷൻ എങ്ങനെ ഉപകരിക്കുന്നുവോ അതുപോലെതന്നെ ഈ മലബാർ ഡിസ്ട്രിക്റ്റു് ഫിഷർമെൻസ് കോ-ഓപ്പറേറ്റീവു് സൊസൈറ്റിക്കു് സാമ്പത്തിക സഹായം നൽകണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

സർ, വടകര ധാരാളം മത്സ്യമുണ്ടാകുന്ന ഒരു പ്രദേശമാണു്. അവിടെയുള്ള ഫിഷ്കൃറിംഗ് യാർഡിലേക്കു പോകുന്നതിനു് ഒരു റോഡില്ലാത്തതിന്റെ ഫലമായി അവിടെ ഉണ്ടാവുന്ന മത്സ്യം വാഹനങ്ങളിലേറ്റി മറ്റു സ്ഥലങ്ങളിലേക്കു് എത്തിക്കുന്നതിനു് വിഷമങ്ങളുണ്ടു്. ഈ വിഷമം മനസ്സിലാക്കി ഡിപ്പാർട്ടുമെന്റു് അവിടത്തേക്കു് ഒരു റോഡുവെട്ടുന്നതിനു തീരുമാനിച്ചിട്ടുണ്ടു്. അതിനുവേണ്ടിയുള്ള സ്ഥലം പൊന്നുംവിലകൊടുക്കുന്നതിനു് ഏർപ്പാടു ചെയ്തിട്ടുണ്ടു്. ആ റോഡുപോകുന്ന വഴിക്കു് ഒരു തോടുണ്ടു്. ആ തോടു് [illegible] കെട്ടിയെങ്കിൽമാത്രമേ റോഡിന്റെ ഗുണം കിട്ടുകയുള്ളു. അതുകൊണ്ടു് ആ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. കുഞ്ഞൻ]

തോടിനു് ഒരു പാലംകൂടി കെട്ടുന്നതിനുള്ള ഫണ്ടു് അനുവദിക്കണമെന്നു് ഞാൻ ഗവണ്മെൻറിനോടഭ്യർത്ഥിക്കുകയാണു്. ഞാൻ നേരത്തെ പറഞ്ഞതു പോലെ വടകര ധാരാളം മത്സ്യമുള്ള ഒരു പ്രദേശമാണു്. ധാരാളം മത്സ്യം പല മാർക്കറ്റുകളിലേക്കും അവിടെനിന്നും കയറ്റി അയയ്ക്കുന്നുണ്ടു്. അവിടേയ്ക്കു് ഒരു ഐസു് പ്ലാൻറും, കോൾഡു് സ്റ്റോറേജും അനുവദിക്കുകയാണെങ്കിൽ, അതു് മത്സ്യവ്യവസായത്തിനു് കൂടുതൽ സഹായിക്കുമെന്നതിനെ സംബന്ധിച്ചു് സംശയമില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതു പരിശോധിച്ചു വേണ്ട നടപടികളും സ്വീകരിക്കുമെന്നു വിശ്വസിക്കുകയാണു്.

ട്രെയിനിംഗിനു ആളുകളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ചു പല ക്രമക്കേടുകളും ഉണ്ടെന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. ട്രെയിനിംഗിനുവേണ്ടി ആളുകളെ തെരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ സാധാരണയായി ഒരു കക്ഷിയിൽപ്പെട്ട ആളുകളെമാത്രം എടുക്കുന്നതുകൊണ്ടാണു് ഇത്തരത്തിലുള്ള ആരോപണങ്ങളും ആക്ഷേപങ്ങളും വരുന്നതു്. അതുകൊണ്ടു് മറ്റുള്ള കക്ഷികളിൽപ്പെട്ട ആളുകളേയും ഇത്തരം പരിശീലനകമ്മിറ്റികളിലേക്കു് എടുക്കുകയും ന്യായമായി അർഹിക്കുന്ന തൊഴിലാളികളെ തെരഞ്ഞെടുത്തുകൊണ്ടു് ട്രെയിനിംഗു് കൊടുക്കേണ്ടതുമാണു്. ഈ രാജ്യത്തെ മത്സ്യത്തൊഴിലാളികളെ ഉദ്ധരിക്കുന്നതിനുവേണ്ടിയുള്ള ഒരു പരിപാടി ഈ ഗവണ്മെൻറു് സ്വീകരിക്കുമെന്നും അങ്ങനെ ഈ മൂന്നാം പഞ്ചവത്സരപദ്ധതി അവസാനിക്കുന്നതിനുമുമ്പായി 450 ലക്ഷംരൂപയും ചെലവാക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രവർത്തനം ഗവണ്മെൻറു് മുന്നോട്ടു കൊണ്ടുവരുമെന്നും ഉള്ള വിശ്വാസത്തോടുകൂടി ഞാൻ എൻറെ വാക്കുകളും അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ഹസ്സൻ ഗനി : മത്സ്യകാര്യത്തിൽ ഒരു കമ്മിപ്രദേശമായ കേരള സ്റ്റേറ്റിൽ മത്സ്യവ്യവസായത്തെ സംബന്ധിച്ചു് വളരെ ഗൗരവത്തോടുകൂടി ഗവണ്മെൻറു് കണക്കിലെടുക്കുന്നില്ല എന്നതു് ഇവിടെ സൂചിപ്പിച്ച ചില വസ്തുതകളിൽനിന്നും മനസ്സിലാക്കാൻ കഴിയും. സർ, ഈ മൂന്നാം പഞ്ചവത്സരപദ്ധതിയിൽ നീക്കിവച്ചിട്ടുള്ള നാലരക്കോടിയോളം ഉറുപ്പിക ഈ മൂന്നാം പഞ്ചവത്സരപദ്ധതിയുടെ മുക്കാൽഭാഗവും കഴിഞ്ഞിട്ടും എത്ര വളരെ ചെലവായി എന്നതു് കണക്കിലെടുക്കുമ്പോൾ ഈ അവസരത്തിൽ പുരോഗതി ഏതു നിലയിലിരിക്കുന്നു എന്നു് നമുക്കു് കാണാൻകഴിയും. സർ, യന്ത്രീകൃതബോട്ടുകൾ ഇന്നു് മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പരസ്പരസഹായസഹകരണസംഘങ്ങൾവഴി തൊഴിലാളികൾക്കു നൽകുന്നുണ്ടു്. അതിനു നീക്കിവച്ചിട്ടുള്ള തുക മുഴുവൻ ചെലവാക്കാൻ സാധിച്ചിട്ടില്ല. ഈ തുകയിൽ കുറെയൊക്കെ കോവാപ്പറേറീവു് സൊസൈറ്റികൾക്കു നൽകിയിട്ടുണ്ടെന്നു കാണാം. സർ, കേളത്തിൽ ഒരു ഡീസൽ ഇൻജിൻ ഫാക്ടറി അടുത്തു വരാൻ പോവുകയാണു്. യന്ത്രീകൃത ബോട്ടുകൾ നൽകേണ്ടതിൻറെ അത്രതന്നെ നൽകാൻ സാധിക്കത്തക്കരീതിയിയിലുള്ള നീക്കങ്ങൾ ഗവണ്മെൻറിൽനിന്നും ഉണ്ടാകണം. ഇവിടെ പ്രൊഡ്യൂസു ചെയ്യാൻ പോകുന്ന യന്ത്രീകൃത ഡീസൽ ഇൻജിനുകൾ മുഴുവൻതന്നെ യഥാകാലം കിട്ടുന്നതിനുള്ള മർഗ്ഗങ്ങൾ ഗവണ്മെൻറു് ആരാഞ്ഞില്ലെങ്കിൽ ഇക്കാര്യത്തിൽ നീക്കിവച്ചിട്ടുള്ള തുകമുഴുവൻ ലാപ്സാകാൻ ഇടയാകുമെന്നാണു് എനിക്കു പറയാനുള്ളതു്. ഇക്കാര്യത്തിനു നീക്കിവച്ചിട്ടുള്ള തുകയിൽ എത്ര ചെലവായി എന്നതിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറു് നൽകപ്പെട്ട പ്രമാണങ്ങളിൽനിന്നും കാണാൻകഴിയും. പ്ലാൻ പ്രൊവിഷനിൽ ഒട്ടാകെ 4 കോടി 50 ലക്ഷം ഉറുപ്പികയാണു് കൊള്ളിച്ചിട്ടുള്ളതു്. 1961-62-ൽ ചെലവഴിച്ചതു് 27·13 ലക്ഷം രൂപയാണു്. 1962-63-ൽ 35·63 ലക്ഷവും, 1963-64-ൽ ആൻറിസിപ്പേറഡു് ഔട്ടുലേയായി 56·57 ലക്ഷവും കാണിച്ചിട്ടുണ്ടു്. ഇതിൽ ഡിസംബർ അവസാനംവരെ ചെലവഴിച്ചിരിക്കുന്നതു് 26·42 ലക്ഷം രൂപയാണു്. ഇനിയുള്ള തുച്ഛമായ സമയംകൊണ്ടു് 30 ലക്ഷം ഉറുപ്പികയോളം ചെലവാക്കാൻ കഴിയുമോ എന്നു് പരിശോധിക്കേണ്ടതുണ്ടു്. ബഡ്ജറ്റിൽ കൊള്ളിച്ചിരുന്നതു് 77 ലക്ഷത്തിൽ ചിലവാനം രൂപയാണു്. ആകെക്കൂടി ഒരു കോടി 96 ലക്ഷത്തിൽ ചിലവാനം രൂപ ചെലവാകുമെന്നു കണക്കാക്കിയിരിക്കുന്നു. ഈ ആണ്ടത്തേതു കഴിച്ചു് 1963-64-ൽ

LIBRARY ARCHIVES Kerala Legislative Assembly

ചെലവായ തുകകൂടി എടുത്താൽ ഏകദേശം 1 കോടി ഉറുപ്പികമാത്രമേ ചെലവായിട്ടുള്ളൂ. ഏകദേശം 20 ശതമാനത്തോളം മാത്രമേ ചെലവാക്കാൻ തുറമുഖ പദ്ധതിയുടെ മുക്കാൽഭാഗവും കഴിഞ്ഞിട്ട് ഗവണ്മെന്റിന് കഴിഞ്ഞിട്ടുള്ള എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ഈ വ്യവസായത്തിന്റെ പുരോഗതിയെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന് അഭിമാനിക്കത്തക്ക യാതൊന്നുമില്ല എന്നത് വ്യക്തമാണ്. സർ, ഏകദേശം 10 ശതമാനത്തോളം കടൽപ്രദേശം ഭാരതത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ കേരളത്തിനുണ്ട്. അതിൽ 35 ശതമാനത്തോളവും മീൻ ഇവിടെനിന്നാണ് പ്രൊഡ്യൂസ് ചെയ്യുന്നത് എന്നുള്ളതും ഒരു വസ്തുതയാണ്. അതിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മുന്നോട്ടുപോകാനുള്ള ഒരു പരിതഃസ്ഥിതി ഇതുകൊണ്ടുണ്ടാകുമോ എന്ന നാം വളരെയേറെ പരിചിന്തിക്കേണ്ടതുണ്ട്. മൂന്നും ഈ രംഗത്തു പ്രക്ഷുബ്ധതയുണ്ട്. ഇന്ന് പരിഷ്കൃത രീതിയിലുള്ള മീൻപിടുത്തം ഉണ്ടായിട്ടും തൊഴിലാളികൾ പട്ടിണികിടന്നുകൊണ്ടിരിക്കുകയാണ്. യന്ത്രീകൃത ബോട്ടുകൾ കോവാപ്പറേറീവ് സൊസൈറ്റികൾക്ക് നൽകുമ്പോൾ അതിലെ ആളുകൾ സബ്സിഡിയൊക്കെ കഴിച്ച് 50,000 ഉറുപ്പികയോളം ജാമ്യം കൊടുക്കേണ്ടതായി വരുന്നു. അങ്ങനെ ജാമ്യം കൊടുക്കാൻ നിവൃത്തിയില്ലാത്ത സൊസൈറ്റികളുടെ സഹായത്തിനെത്തുന്ന ആളുകൾ അവരെ പീഡനം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതു മാറുന്നതിനുള്ള മാർഗ്ഗങ്ങൾ എന്താണെന്ന് ശരിയായി ആലോചിക്കേണ്ടതുണ്ട്. സർ, ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ ചില ഭേദഗതികൾ വരുത്തി ഏതു രൂപത്തിൽ ഇതു ചെയ്യാൻ സാധിക്കുമെന്നും ഗവണ്മെന്റ് ശരിയായി പരിഗണിക്കേണ്ടതുണ്ട്. ഇന്ന് മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം എക്സിക്യൂട്ടീവ് കമ്മിറ്റികൾ കൂടുമ്പോൾ ഗവണ്മെന്റിൽനിന്നും പ്രതിനിധാനം ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ പീഡനം ചെയ്യുന്ന ചില എക്സിക്യൂട്ടീവ് മെമ്പറന്മാരുമായി ചേർന്നുകൊണ്ട് തൊഴിലാളികൾക്ക് ശരിയായി കിട്ടേണ്ട വിഹിതം കിട്ടാതെ വരുത്തുന്നു എന്ന് പരാതിയുണ്ട്. അതുപോലെ നാലുപേർക്കായി കൊടുക്കുന്ന ബോട്ട് ജാമ്യസംഖ്യ കെട്ടിവയ്ക്കുന്ന ആൾ മറ്റവരെ പീഡനം ചെയ്തുകൊണ്ടിരിക്കുകയാണ്. മറ്റു മുന്നു തൊഴിലാളികളും വെറും ശമ്പളക്കാരായി മാറിയിരിക്കുകയാണ്. ഈ വ്യവസ്ഥിതി തീർച്ചയായും മാറാതെ നിവൃത്തിയില്ല. അതിനു എന്തെല്ലാം മാർഗ്ഗങ്ങളാണ് ചെയ്യേണ്ടതു് എന്ന ഗവണ്മെന്റ് ആലോചിക്കണം. ഇങ്ങനെ മനഃപൂർവ്വമായി തൊഴിലാളികളെ പീഡനം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതിനുള്ള നടപടികളും എടുക്കണം.

ശ്രീ. കെ. കുഞ്ഞമ്പു : ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽനിന്നും കൊടുക്കുന്ന ഒരു ബോട്ടിനുപോലും മത്സ്യത്തൊഴിലാളികൾ യാതൊരു വിധത്തിലുള്ളതായ ജാമ്യവും കൊടുക്കേണ്ടതില്ല. അതാണ് വ്യവസ്ഥ.

ശ്രീ. കെ. ഹസ്സൻഗനി : കോവാപ്പറേറീവ് സൊസൈറ്റികളെ സംബന്ധിച്ചിടത്തോളം ജാമ്യം കൊടുക്കേണ്ട എന്നാണോ പറയുന്നത് ?

ശ്രീ. കെ. കുഞ്ഞമ്പു : ഇൻഡോ-നോർവീജിയൻ പ്രോജക്ടുകാർ തന്ന 3 ബോട്ടുകൾ ഡിപ്പാർട്ടുമെന്റു മുഖേന കൊടുത്ത സമയത്തുമാത്രമേ ജാമ്യം വാങ്ങിയിരുന്നുള്ളൂ. ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽനിന്നു കൊടുത്തിട്ടുള്ള ബോട്ടുകൾക്ക് ഇതുവരെ യാതൊരു ജാമ്യവും ഈടാക്കുന്നില്ല.

ശ്രീ. കെ. ഹസ്സൻഗനി : സർ, ഇന്നും പീഡനം നടക്കുന്നുണ്ട്. അതിനു യാതൊരു വ്യത്യാസവുമില്ല. അതുപോലെതന്നെ ഇപ്പോഴും യന്ത്രീകൃത ബോട്ടുകളും കൊടുക്കുന്നേ മത്സ്യത്തൊഴിലാളികൾ 3 മൈലിനപ്പുറംപോയി മത്സ്യം പിടിക്കണമെന്നും ഏർപ്പാടുകളുണ്ട്. റൂൾസ് അതാണ്. എന്നാൽ പൊന്നാനി തൊഴിലാളികൾ തിരൂർ മുതലായ ഭാഗങ്ങളെ സംബന്ധിച്ചിടത്തോളം യന്ത്രീകൃത ബോട്ടുകളുള്ളവർ 8 മൈലിനപ്പുറം മീൻപിടിക്കുന്നതിനു പോകാതെ കരഭാഗത്തുതന്നെ കഴിഞ്ഞുകൂടുകയാണ്. അതുകൊണ്ട് മറ്റു വള്ളവും വലയും ഉപയോഗിക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ടാവുന്നു. ഇതിനെ സംബന്ധിച്ചിടത്തോളം കാര്യമായ നടപടികളും ഗവണ്മെന്റ് എടുക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ അഡ്വാൻസായി



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഹസ്സൻ ഗനി]

ഉപ്പുകരം നൽകുന്നതിനുള്ള വ്യവസ്ഥ മദ്രാസ് ഗവണ്മെൻറു ഭരിച്ചിരുന്നകാലത്തു് മലബാർ ഭാഗത്തുണ്ടായിരുന്നു. മഴപെയ്തു് അൽപ്പം കഴിഞ്ഞാലുടനെ ധാരാളം മത്സ്യം പിടിക്കാൻ കഴിയും. ആ കാലഘട്ടത്തിൽ ഉപ്പു ലഭിക്കുന്നില്ല. അപ്പോരം മാക്റ്റിൽപോയി ബ്ലാക്കുമാക്റ്റിൽ വാങ്ങണം. അതുകൊണ്ടു് അവക്കുവേണ്ട ഉപ്പു് ഗവണ്മെൻറു് തീർച്ചയായും അഡ്വാൻസായി നൽകുന്നതിനുള്ള ഏർപ്പാടുകരം ചെയ്തില്ലെങ്കിൽ ബ്ലാക്കുമാക്റ്റിൽനിന്നും ഉപ്പുവാങ്ങി എത്രത്തോളം മുന്നോട്ടുപോകാൻ കഴിയുമെന്നുള്ളതു് ആലോചിക്കേണ്ട കാര്യമാണു്. പ്രത്യേകിച്ചു് ഇന്നത്തെ പരിതഃസ്ഥിതിയിൽ പ്ലാൻ പ്രൊവിഷനിൽ എന്തെല്ലാം ഇനത്തിൽ ചെലവഴിക്കാമോ അതൊന്നും 20 ശതമാനം പോലും ചെലവഴിക്കാത്ത സ്ഥിതിക്കു് തീർച്ചയായും അതവക്കു് കൂടുതൽ ബുദ്ധിമുട്ടുകരം ഉണ്ടാക്കുമെന്ന കാര്യത്തെ സംബന്ധിച്ചു് ഗവണ്മെൻറു് ശരിയായി പരിചിന്തിക്കുകയും അഡ്വാൻസായി ഉപ്പനൽകുന്നതിനുള്ള ഏർപ്പാടുകരം ചെയ്യുകയും ചെയ്യണം. സമയചുരുക്കത്താൽ ബാക്കി കാര്യങ്ങരം പറയാൻ നിവൃത്തിയില്ലാത്തതിനാൽ ഞാൻ നിറുത്തുന്നു.

ശ്രീമതി നഫീസത്തു് ബീവി : ഫിഷറീസ് ഡിമാൻറിനെ സപ്പോർട്ടു ചെയ്തുകൊണ്ടു് അല്പം സംസാരിക്കാൻ എനിക്കു് വളരെ സന്തോഷമുണ്ടു്. പ്രധാനമായി ഈ ഡിപ്പാർട്ടുമെൻറിൻെറ നാളിതുവരെയുള്ള ക്രമപ്രവൃദ്ധമായ, കാര്യക്ഷമമായ വളർച്ചയിൽ അതു കൈകാര്യം ചെയ്യുന്ന മന്ത്രിയേയും ആ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെയും അഭിനന്ദിക്കാൻ അവസരം ലഭിച്ചതിൽ വളരെ സന്തോഷമുണ്ടു്. പ്ലാൻ പ്രൊവിഷൻതന്നെ പരിശോധിക്കുകയാണെങ്കിൽ 1961–62–ൽ 35 ലക്ഷമായും, 1962–63–ൽ 56 ലക്ഷമായും, 1963–64–ൽ 77 ലക്ഷമായും ക്രമപ്രവൃദ്ധമായി കാര്യക്ഷമമായി ഈ രംഗത്തെ പ്രവർത്തനം മുന്നേറിക്കൊണ്ടിരിക്കുന്നു എന്നതിനു് ഇതിൽ കൂടുതൽമറ്റു തെളിവുകരം ആവശ്യമില്ല. ശ്രീമാൻ രവീന്ദ്രൻ പ്രതിപക്ഷത്തുനിന്നും ഒരു ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊണ്ടു് പ്രസംഗിക്കുകയുണ്ടായി. പ്രതിപക്ഷത്തെ പ്രധാനപ്പെട്ട ഒരു മെമ്പർ എന്നുള്ള നിലയിൽ അദ്ദേഹത്തിൻെറ പ്രസംഗം ഞാൻ കാര്യമായി ശ്രദ്ധിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗത്തെപ്പറ്റി അദ്ദേഹത്തോടു് വ്യക്തിപരമായി ബഹുമാനമുള്ളതുകൊണ്ടു് എനിക്കു് തോന്നിയ പ്രതികരണം പറയാൻ ഞാൻ മടിക്കുകയാണു്. എനിക്കു് തോന്നിയതു് "ഒരു വേശ്യ പാതിവൃത്യത്തെപ്പറ്റി പ്രസംഗിക്കുന്നതുപോലെ, അല്ലെങ്കിൽ ചെകുത്താൻ വേദമോതുന്നതു"പോലെയാണു്. എന്നാലും ശ്രീമാൻ രവീന്ദ്രനായതുകൊണ്ടു് ഞാൻ ആ ഉപമ ഉപയോഗിക്കാൻ ഇഷ്ടപ്പെട്ടന്നില്ല.

ഈ രംഗത്തെ പ്രവർത്തനം കാര്യക്ഷമമല്ലെന്നുള്ള ആരോപണത്തെ ഞാൻ ശക്തിയായി നിഷേധിക്കുകയാണു്. മത്സ്യോല്പാദനത്തിനും അതിനോടു അനുബന്ധിച്ചുള്ള പ്രവർത്തനങ്ങരംക്കും, മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങരംക്കുമെല്ലാം സമഗ്രമായ പഠിപാടികളുണ്ടെന്നു നമുക്കു കാണാൻ സാധിക്കുന്നതാണു്. ഈ രംഗങ്ങളിൽ പലതിലും ഈ ഗവണ്മെൻറിനു് കാര്യമായ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സമയചുരുക്കത്താൽ അതിലേക്കുകടക്കാതെ ആലപ്പുഴ ഡിസ്ട്രിക്റ്റിലും പ്രത്യേകിച്ചു് ആലപ്പുഴയിലുമുള്ള കാര്യത്തിലേക്കു് ഗവണ്മെൻറിൻെറ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്. ആലപ്പുഴ ഡിസ്ട്രിക്റ്റിൽ ഏതാണ്ടു മുന്നിലൊന്നുഭാഗം മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും തൊഴിലാളി കുടുംബങ്ങളും കൊണ്ടു നിറഞ്ഞിരിക്കുകയാണു്. അതിലേറെ ആലപ്പുഴ നിയോജകമണ്ഡലത്തിൽ 138000 ജനസംഖ്യ വരുന്നതിൽ ഏതാണ്ടു 50000 ത്തോളം മത്സ്യത്തൊഴിലാളികളാണെന്നുള്ള വസ്തുത പ്രത്യേകം കണക്കിലെടുക്കേണ്ടതാണു്. കടലിലെ വിഭവങ്ങരം ചൂഷണം ചെയ്യാനുള്ള സാദ്ധ്യതകരം വളരെയേറെ ഉണ്ടെന്നിരുന്നാലും കഴിഞ്ഞ ഗവണ്മെൻറിൻെറ കാലത്തു് ഈ രംഗത്തു് കാര്യമായിയാതൊന്നും ചെയ്തതായി കാണാൻ സാധിക്കുന്നില്ല. ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം ഈ രംഗത്തു് ചിലതൊക്കെ ചെയ്യാൻ ശ്രമിച്ചിട്ട

LIBRARY ARCHIVES Kerala Legislative Assembly

ണെന്നു കാണാൻ കഴിയും. അതിനു് ഈ ഗവണ്മെൻറിനെ പ്രത്യേകം അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണു്. രണ്ടു മൂന്നുകൊല്ലങ്ങൾക്കു മുൻപു ഫിഷറി ഡിപ്പാർട്ടുമെൻറിൻെറ മേലധ്യക്ഷനായ ഡയറക്ടർ തന്നെ ആലപ്പുഴ നിയോജകമണ്ഡലം സന്ദർശിക്കുകയും എൻെറ നിവേദനത്തിൻെറ ഫലമായി ഒരു ഫിഷിംഗ് ഹാർബർതന്നെ അവിടെ സ്ഥാപിക്കാൻ സാദ്ധ്യതയുണ്ടോ എന്നു ആരായുകയും, പെയ്യുകയുണ്ടായി. പക്ഷേ, അതിനു് സാദ്ധ്യമല്ലെന്നു വിദഗ്ധന്മാരുടെ അഭിപ്രായത്തിൽ നിന്നും മനസ്സിലാക്കിയ ഗവണ്മെൻറു അവിടെ സാദ്ധ്യമായ ഐസു് പ്ലാൻറു് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികളും രണ്ടുമൂന്നുകൊല്ലമായി സ്വീകരിച്ചുവരികയാണു്. അതിലേക്കു് ആലപ്പുഴയിൽ കനാൽ വാർഡിൽ ഒരു സ്ഥലം പൊന്നുംവിലയ്ക്കു എടുത്തു പ്രവർത്തനം തുടങ്ങി. സ്ഥലം എടുക്കുന്നതിനുതന്നെ സാരമായ പ്രതിബന്ധം ഡിപ്പാർട്ടുമെൻറിനു ആദ്യം നേരിടേണ്ടിവന്നെങ്കിലും ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമമായ പ്രവർത്തനം കൊണ്ടു് ആ സ്ഥലം എടുക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കി. ആ പ്രദേശത്തു് രണ്ടരയേക്കർ സ്ഥലത്തു് താമസിച്ചിരുന്ന ഏതാണ്ടു് പതിനാൻപതോളം കുടുംബക്കാരെ അവിടെനിന്നും ഒഴിപ്പിക്കേണ്ടിയിരുന്നതാണു് ആദ്യം പ്രതിബന്ധമായി നിന്നതു്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നവരും, മത്സ്യവ്യവസായം സ്വീകരിച്ചിരുന്നവരും ആയിരുന്നു അവർ. പണ്ടുമുതലു കൊല്ലങ്ങളായി അവർ താമസിച്ചുകൊണ്ടിരുന്ന അവരുടെ വേനങ്ങൾ ഉപേക്ഷിക്കുന്നതിനു ആദ്യം വിസമ്മതം പ്രകടിപ്പിച്ചെങ്കിലും ഈ നല്ല പദ്ധതി നടപ്പിൽവരട്ടെ എന്നു വിചാരിച്ചു അവർ ആ വേനങ്ങൾ ഉപേക്ഷിച്ചു തുറന്ന കടപ്പുറത്തു് അഞ്ചുസെൻറു സ്ഥലത്തു് താമസം ഉറപ്പിച്ചു. ഫിഷിംഗ് പ്ലാൻറു്, കാനിംഗ് ഫാക്ടറി എന്നിവയുടെ പ്രധാന കേന്ദ്രബിന്ദുവായ ഐസു് പ്ലാൻറു് കാലവിളംബം വരുത്താതെ സ്ഥാപിക്കണമെന്നുള്ള വിചാരമാണു് ഇങ്ങനെ കുറെപ്പേരെ വേനങ്ങൾ മാറിത്താമസിപ്പിച്ചു സ്ഥലം എടുക്കാൻ പ്രേരിപ്പിച്ചതു്. ഏതായാലും ശ്രീ. രവീന്ദ്രൻെറ ഭാഷയിൽ പറഞ്ഞാൽ വീടില്ലാത്തവരും ദുരിതപൂരിതമായി കഴിയുന്നവരുമായ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെല്ലാവരുംതന്നെ ഈ ഐസു് പ്ലാൻറിൻെറ പ്രവർത്തനത്തോടൊടി അവരുടെ തൊഴിലില്ലായ്മയും പട്ടിണിക്കും പരിഹാരം കാണാൻ കഴിയുമെന്നുള്ള വിശ്വാസത്തോടുകൂടി ഇരിക്കുകയാണു്. ശ്രീ. രവീന്ദ്രൻ പറയുകയുണ്ടായി, എട്ടു് ഐസു് പ്ലാൻറിൽ ഒന്നു മാത്രമേ തുടങ്ങിയുള്ളു എന്നും രണ്ടാമത്തേതിനു് നടപടി സ്വീകരിച്ചിട്ടുള്ളു എന്നും. മൂന്നാമത്തേതു തുടങ്ങാൻ ധൃതിപ്പെട്ടു പണി നടത്തിക്കൊണ്ടിരുന്ന ഐസു് പ്ലാൻറിൻെറ കെട്ടിട നിർമ്മാണം ഇന്നു് സ്റ്റേചെയ്തിരിക്കുകയാണു്. സ്റ്റേ ചെയ്തിട്ടു് രണ്ടാഴ്ചയോളമായി. മുനിസിപ്പലിറ്റിയിൽനിന്നും ലൈസൻസെടുത്തിട്ടില്ലെന്നുള്ള പേരിൽ മുനിസിപ്പൽ കമ്മീഷണർ സ്റ്റേ ചെയ്തിരിക്കുകയാണു്. മത്സ്യത്തൊഴിലാളികളുടെ ജീവൽ പ്രശ്നമായ ഈ സ്ഥാപനം സ്ഥാപിക്കുന്നകാര്യത്തിൽ സാങ്കേതികമായ തടസ്സം ഉന്നിച്ചുകൊണ്ടു് നിഷ്ക്രിയമായി ആ പണി തടഞ്ഞുവച്ചിരിക്കുകയാണു്. ആലപ്പുഴത്തന്നെ സിവിൽ സ്റ്റേഷൻ, ഡിസ്പെൻസറി ആശുപത്രി എന്നിങ്ങനെ അനവധി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം ഇന്നു നടന്നുകൊണ്ടിരിക്കുകയാണു്. അതിനൊന്നുംതന്നെ, എക്സിക്യൂട്ടീവു് എൻജനീയർ ലൈസൻസു് എടുത്തിട്ടുള്ളതായി എനിക്കു് അന്വേഷണത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അങ്ങനെയിരിക്കെ ഇക്കാര്യത്തിൽ സാങ്കേതിക തടസ്സം ഉന്നയിച്ചിരിക്കുകയാണു്. എനിക്കുള്ള സമയം അവസാനിച്ചിരിക്കുന്നതിനാൽ ഞാൻ നിറുത്തുന്നു.

ശ്രീ. ആർ. സുഗതൻ : ശ്രീ. രവീന്ദ്രൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. കേരളത്തിൽ 386 മൈൽ കടലോരമുണ്ടു്. അവിടെയെല്ലാംകൂടി ഉദ്ദേശം 25 ലക്ഷത്തിലധികം മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന ജനങ്ങളും ഉണ്ടു്. ലോകനാഥൻെറ റിപ്പോർട്ടിൽ മത്സ്യബന്ധനം നടത്തുന്നവരുടെ കണക്കു പറഞ്ഞിരിക്കുന്നതു് 85000 എന്നാണു്. അതിൻെറ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നില്ലെങ്കിലും, അതിലേറെ കാണുമെന്നുള്ളതിനു തർക്കമില്ല. ഈ മാർച്ചുമാസം 10—ാം തീയതി സമുദ്രതീര

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. സുഗതൻ]

ഉല്പാദനങ്ങളുടെകയറ്റുമതിയെപ്പറ്റി ആ സംഘത്തിന്റെപ്രസിഡന്റ് മി. അല കസാണ്ടർ ചെയ്ത പ്രസംഗത്തിൽ കഴിഞ്ഞകൊല്ലത്തേക്കാൾ 60 ശതമാനം കൂടുതൽ കയറ്റുമതി ഉണ്ടായി എന്നുപറഞ്ഞിട്ടുണ്ട്. ശ്രീ. ലോകനാഥന്റെ റിപ്പോർട്ടിൽ ഏതാണ്ട് 1.60 ലക്ഷം മത്സ്യത്തൊഴിലാളികൾ ഈ മത്സ്യോല്പന്നങ്ങൾക്ക് ബാദ്ധ്യസ്ഥരാണെന്നു പറഞ്ഞുകാണുന്നുണ്ട്. 5 കോടിയിൽ പരം രൂപയുടെ മീൻ ഒരാണ്ടിൽ പിടിക്കുന്നുണ്ടെന്നും പറയുന്നുണ്ട്. ഇങ്ങനെ മത്സ്യോല്പാദനം ആണ്ടുതോറും വികസിച്ചുവരുന്നുണ്ടെങ്കിലും, ഇതിന്റെ ഫല മായി ഉണ്ടാകുന്ന ഉല്പന്നങ്ങൾ വിറ്റഴിപ്പാനുള്ള കമ്പോളത്തിൽ കേന്ദ്രീകരണാ ധികാരം കൊടുത്തത് മത്സ്യത്തൊഴിലാളികളുടെ പക്കൽ ഇല്ലാത്തത് മത്സ്യ വ്യവസായവകുപ്പിന്റെ അലസതകൊണ്ടാണ്. ഈ ഉല്പാദനത്തിനു കമ്പോ ളമുണ്ട്, നല്ല വിലയുമുണ്ട്. എന്നാൽ അങ്ങനെ വിറ്റുകിട്ടുന്നതിന്റെ ലാഭം നമ്മുടെ തൊഴിലാളികൾക്കു കിട്ടാനുള്ള ഏർപ്പാടില്ല. പ്രതിവർഷം 85 രൂപയോളം മാത്രമെ ഇവർക്കു വരുമാനമുള്ളു എന്നു പറയുന്നുണ്ട്. കടലോരത്തു പരക്കെ നടന്നുനോക്കിയാൽ തക്കമുള്ളപ്പോൾ കൊച്ചു വള്ളവുമായി കടലിൽ പോയി മീൻപിടിക്കുന്നുണ്ട്. പിന്നെ കമ്പ വലയും ഇട്ടം. ഇങ്ങനെയൊ ക്കെയായിട്ടും അവർ പട്ടിണിയിലാണ്. മത്സ്യവ്യവസായ വകുപ്പ് ഇതിന്റെ വികസനത്തിൽ അധികാരമില്ലാത്തതുപോലെ കഴിയുകയാണ്. വലിയ കുത്തകമുതലാളിമാരാണു കച്ചവടം നടത്തി ഇതിന്റെ മുതൽ തട്ടി എടുക്കുന്നത്, അവരാണു ഇതിലുള്ള ലാഭം കൊണ്ടുപോകുന്നത്. ഒരു റാത്തൽ മീനിന് ഇന്നു പന്ത്രണ്ടണയും കൂടുതലും മോഹവിലയായി കമ്പോളത്തിൽ കിട്ടുന്നുണ്ട്. അതിന്റെ സിംഹഭാഗവും കുത്തകക്കച്ചവടക്കാർ കൊണ്ടുപോവുകയാണ്. കടലോരങ്ങളിൽ ലോറിയും മറ്റും കൊണ്ടുവന്നു അത്തരക്കാർ വാങ്ങികൊണ്ടു പോവുകയാണ്, മത്സ്യവ്യവസായം വികസിച്ചിട്ടില്ലേയെന്നുപോദിച്ചാൽ അതൊന്നും ആയിട്ടില്ല. ലാഭം എടുക്കുന്നതെല്ലാം മുതലാളിമാരാണ്. അങ്ങ നെയാണു ഇതിന്റെ വികസനം നടക്കുന്നത്. വികസനം മുതലുടമകളുടെ പണസ്സഞ്ചിക്കാണ്. മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തികജീ വിതത്തിനല്ല. നമ്മുടെ മന്ത്രി കഴിഞ്ഞദിവസം ഒരു പോദ്യത്തിനുത്തരമായി 450 ലക്ഷം രൂപാ ഇക്കാര്യങ്ങൾക്കു വകയിരുത്തിയതിൽ 95 ലക്ഷമെ ചെല വാക്കിയുള്ളു എന്നു പറയുകയുണ്ടായി. ആരാനും മീൻ തിന്നുന്നു, പാറു തല്ലു കൊള്ളുന്നു എന്നൊരു ചൊല്ലുണ്ട്. അതുപോലെയാണു കാര്യങ്ങൾ നടക്കുന്നത്. സ്വാതന്ത്ര്യംകിട്ടി ഇത്രയും കാലമായിട്ടും മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന വർക്കു പട്ടിണിയും പാടും ഏറിയേറിവരികയാണ്. അവരുടെ നിലയെപ്പറ്റി എല്ലാവർക്കും അറിയാം. അവരെ ഉദ്ധരിക്കാൻ വ്യക്തമായ പ്ലാനും പരിപാ ടിയും വച്ചുകൊണ്ട് ഡിപ്പാർട്ടുമെന്റു പ്രവർത്തിക്കുന്നില്ല എന്നല്ല ഞാൻ പറയു ന്നതിന്റെ അർത്ഥം. എന്നാൽ പ്രവർത്തനത്തിന്റെ ഫലം കടലിൽ കായം കലക്കിയതുപോലെ മത്സ്യത്തൊഴിലാളികൾക്കു കിട്ടുന്നില്ലായെന്നാണ്. യന്ത്രം വച്ചു ബോട്ടുപയോഗിച്ച് മീൻപിടിക്കുന്ന ചില വ്യവസായികൾ ഉണ്ട്. അതു യഥാർത്ഥമായി അർഹിക്കുന്നവർക്കു കിട്ടുന്നില്ല. ആ കഥ ഞാൻ ഇപ്പോൾ ഉദ്ധരിക്കണമെന്നാഗ്രഹിക്കുന്നില്ല. ഇപ്പോൾ യന്ത്രം വച്ച ബോട്ടുകൾ ധാരാളം ഉണ്ടാക്കി സ്വകാര്യ ഉടമകൾ കടലിലിറക്കി അവരും മീൻപിടിച്ച് കച്ചവടം നടത്തുന്നുണ്ട്. അങ്ങനെയുള്ള ബോട്ടുകൾ കടലിൽ മൂന്നുമൈലിനപ്പുറത്തു പോയി പിടിക്കണമെന്നു പറയാമെന്നല്ലാതെ, മീൻ പറ്റം കാണുമ്പോൾ അവർ അങ്ങോട്ടു പാഞ്ഞു ചെല്ലുമെന്നുള്ളതാണ് യഥാർത്ഥ്യം. അങ്ങനെ ചെന്നു ഏറ്റുമുട്ടലുകളും ഉണ്ടാകുന്നുണ്ട്, ഓച്ചിറത്തുരുത്തിനു പടിഞ്ഞാറുഭാഗത്തു ഇങ്ങനെ യൊരു ഏറ്റുമുട്ടലുണ്ടായി. കളക്ടർ ഇടപെട്ടാണ് അതു അവസാനിപ്പിച്ചതു. കരുനാഗപ്പള്ളിയും കാട്ടൂരിലുമെല്ലാം ഇങ്ങനെയുള്ള ഏറ്റുമുട്ടലുകളും ഉണ്ടായി ട്ടുണ്ട്. കൂടുതൽ ബോട്ടുകൾ ഇറക്കുന്നതുകൊണ്ട് കൊച്ചുവള്ളം ഇറക്കുന്നവർക്കു മീനൊന്നും കിട്ടുന്നില്ല. പിന്നെ കിട്ടുന്നതിന്റെ ആദായവും അവർക്കു കിട്ടു ന്നില്ല. ഇപ്പോൾ നോർവീജിയൻ കമ്പനിക്കാരുടെ യന്ത്രബോട്ട് വടക്കോട്ടു പുറക്കാട്, ചെട്ടികാട്ടുവരെ വന്നു മീൻപിടിക്കുന്നു എന്നു പരാതി ഉണ്ടായിരി ക്കുന്നു. അങ്ങനെ സാധാരണ മീൻപിടിത്തക്കാരുടെ അദ്ധ്വാനശക്തിയെ കൊള്ളയിടുന്നു. എന്നുമാത്രമല്ല. അവർ അദ്ധ്വാനിച്ച് എടുക്കാനുള്ള വിഭവ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ത്തത്തന്നെയും മറൊരു വിഭാഗക്കാർ കൊണ്ടുപോവുകയും ചെയ്യുന്നു. ഇതു മാറാൻ പറ്റിയൊരു മാർഗ്ഗം ഇവർക്കു യന്ത്രംവച്ചു വള്ളം കൊടുക്കാനുള്ള ഏർപ്പാടു് ഉണ്ടാക്കുകയാണു്. തൊഴിലില്ലായ്മയും, ക്ഷേണ ക്ഷാമവും, വിലക്കയറ്റവും മത്സരിച്ചു ഓടുന്ന ഈ അവസരത്തിൽ, കേരളത്തിൽ അല്പമെങ്കിലും അതിനു പരിഹാരം കാണാനുള്ള ഒരു ഉപാധിയാണു് മത്സ്യം. നമ്മുടെ കേരളത്തിലുള്ള മീനും കള്ളും, മരച്ചീനിയും, തേങ്ങയും എല്ലാം തന്നെ ആഹാരപ്രശ്നം പരിഹരിക്കുന്ന മുഖ്യ ഉപാധികളാണു്. ഇപ്പോഴത്തെ യന്ത്ര ബോട്ടിൽ രണ്ടു് മത്സ്യത്തൊഴിലാളികളെ കയറ്റിവിട്ടാൽ. അവർക്കു ഒരു ദിവസം 3 രൂപാ കൂലി കൊടുക്കണം. മീൻ കിട്ടിയാൽ കറിവയ്ക്കാൻ സാധിച്ചാൽ മീനും കൊടുക്കണം. അങ്ങനെ സ്വന്തമായി മീൻപിടിക്കാൻ കഴിവുള്ളവരെ കൂലിക്കാരനാക്കി അധഃപ്പതിപ്പിക്കുന്ന എന്നുള്ളതു് വകുപ്പുമേധാവികൾ മാറാൻ ശ്രമിക്കണം. ശ്രമിക്കണം. അവർ ഇന്നു് അവശരാണു്. ദരിദ്രം അനുഭവിക്കുന്നവരാണു്. അവർക്കു വീടുണ്ടോ, മറ്റു സൗകര്യങ്ങളുണ്ടോ എന്നൊന്നും പ്രത്യേകം പറഞ്ഞറിയിക്കേണ്ടകാര്യമില്ല. കക്കൂസു കെട്ടുന്നതിനു നീക്കിവച്ചിട്ടുള്ള തുക ചെലവാക്കിയിട്ടില്ല, ഹൗസിംഗിനു ചെലവാക്കിയിട്ടില്ല. റോഡിനു് ചെലവാക്കിയിട്ടില്ല. അങ്ങനെ ചെലവാക്കാത്ത ഐറ്റങ്ങളാണു് അധികവും. ധനാഭ്യർത്ഥന വലിയ തുകയ്ക്കു കൊണ്ടു വന്നിട്ടു് കൊല്ലംതോറും തുക ലാപ്സാക്കുകയാണു്. ലാപ്സു വകുപ്പു് എന്നാണു് ഇതിനെ ഞാൻ പറയുന്നതു്, ഹരിജനങ്ങളേക്കാളും ഗതികെട്ട നിലയാണു് മത്സ്യത്തൊഴിലാളികളുടേതു്. നീക്കിവച്ച തുക ലാപ്സാക്കുന്ന ഉദ്യോഗസ്ഥ മേധാവികളുടെ പ്രതിമാസ ശമ്പളവും അലവൻസും ഒരിക്കലും ലാപ്സാകാറില്ല. ഇതിൽ T. A ഇനം ഈ ഉദ്യോഗസ്ഥവർഗ്ഗം ഒരിക്കലും വിട്ടുപോകാതെ യാത്ര ചെയ്തു എഴുതി എടുക്കും. വ്യവസായവികസനം എന്നു പറഞ്ഞാൽ ഉദ്യോഗസ്ഥമേധാവികളുടെ സ്വകാര്യ സാമ്പത്തിക വികസനം എന്നാണർത്ഥം. ഈ നില മാറിത്തീർക്കണം. അല്ലാതെ രക്ഷയില്ല. ശമ്പളകടിശ്ശിക ഇനം ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം വന്നിട്ടില്ല. ബാക്കിയുള്ള തുകയിൽ
10. a. m. അധികവും ലാപ്സായിട്ടുണ്ടു്. ഇതിന്റെ ഫലമായി ഈ മത്സ്യത്തൊഴിലാളികളും കൂടുതൽദുരിതങ്ങളും കഷ്ടപ്പാടുകളും അനുഭവിക്കുകയെന്നുള്ളതാണു്. നമ്മുടെ പ്രധാനമന്ത്രി പണ്ഡിറ്റു ജവഹർലാൽ നെഹ്രുവും, ശ്രീമാൻ ഗ്രൽസാരിലാൽ നന്ദയും പറഞ്ഞിട്ടുള്ളതുപോലെ, സോഷ്യലിസവും ജനാധിപത്യവും പറഞ്ഞ ആളുകളെ പട്ടിണികിടത്തിയാൽ തൊഴിലാളികളും അതു ഏതൊരാളും സഹിക്കുകയില്ല. ആ നിലയിലേക്കു അവരെ തള്ളിക്കൊണ്ടുപോകരുതു് എന്നാണെനിക്കു പറയാനുള്ളതു്.

പിന്നെ, ഈ ചെമ്മീൻ പരിപ്പു കയറ്റി അയയ്ക്കുന്നകാര്യവും ക്യാനിംഗ് വ്യവസായവും ഇപ്പോഴും നടത്തിക്കൊണ്ടുപോകുന്നതു മുതലാളിമാരാണു്. അങ്ങനെ ആ വ്യവസായങ്ങളിൽ നമ്മുടെ ഗവണ്മെന്റിനു കിട്ടാനുള്ള തുക കിട്ടുന്നില്ല. പിന്നെ, നമ്മുടെ കടലിൽനിന്നും ധാരാളമായി പിടിക്കുന്ന മത്തിയിൽനിന്നും മത്തിനെയ്യു് ധാരാളമായി എടുക്കുന്നുണ്ടു്. അതു എടുക്കുന്നതു വളരെ പ്രാകൃതമായ രീതിയിൽ തന്നെയാണു്. അങ്ങനെ എടുക്കുന്ന മത്തിനെയ്യു് വള്ളങ്ങൾക്കും മറ്റും ഇടുന്നതിനായി ഉപയോഗപ്പെടുത്തുകയാണു്. ഈ മത്തിനെയ്യു് എടുക്കുന്നതിനുള്ളതു കഴിച്ചു് ബാക്കിവരുന്ന മത്തിയെല്ലാം കടൽത്തീരത്തുള്ള തെങ്ങുകൾക്കു വളമായി ഇട്ടു മൂടുകയാണു ചെയ്യുന്നതു്. ആ നയം അവസാനിപ്പിച്ചു ഇതു ക്യാനിംഗ് ചെയ്യുന്നതിനുള്ള സൗകര്യം ചെയ്തുകയാണെങ്കിൽ മത്സ്യവ്യവസായം കൂടുതൽ വികസിപ്പിക്കുന്നതിനു സാധിക്കും. കൂടുതൽ മത്സ്യവ്യവസായത്തെ സംബന്ധിച്ചിടത്തോളം വികസനസാദ്ധ്യതകളുമുണ്ടാകും. അതുകൊണ്ടു ഈ ലാപ്സു് ഏർപ്പാടു നിറുത്തണം. അല്ലെങ്കിൽ അതിനുവേണ്ടി ചെലവാക്കുന്ന തുക മാത്രമേ ഇവിടെ കൊണ്ടുവരാവൂ. അല്ലാതെ ഇങ്ങനെ ആളുകളെ പറഞ്ഞുകുന്ന പണി ചെയ്യരുതു്.

ബഹുമാനപ്പെട്ട സ്പീക്കറോടു വിനയപൂരസ്സരം ഒന്നു പറയുവാനുണ്ടു്. മത്സ്യത്തൊഴിലാളികൾക്കു ക്ഷേമനിധിയെപ്പറ്റി ഇവിടെ പറഞ്ഞിട്ടുണ്ടു്. ഈ ക്ഷേമനിധിയുടെ ഉദ്ദേശം നല്ലതാണു്. പക്ഷേ, ഇതുപോലെ അതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയും ലാപ്സാക്കിക്കളഞ്ഞാൽ അതു ക്ഷേമനിധിയല്ല

[ശ്രീ. ആർ. സുഗതൻ]

ക്ഷാമനിധിയാകും. ഇങ്ങനെ നിരവധി കഷ്ടപ്പാടുകളും അവശതകളും അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ ഉദ്ധരിക്കണം. അതിനാവശ്യമായ നടപടികളും ഗവണ്മെന്റു എടുക്കേണ്ടതാണു്. അവക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനയാണു ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു് എന്നുള്ളതു കണക്കിലെടുത്തുകൊണ്ടു ഇക്കാര്യങ്ങൾ ഒന്നുകൂടി ഗവണ്മെന്റിനെ ഓർമ്മപ്പെടുത്തികൊള്ളുന്നു.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണു് ചെയ്യുന്നതു്. എന്റെ സുഹൃത്തുക്കളും ചില കണക്കുകളും ഒക്കെ ഇവിടെ ഉദ്ധരിക്കുകയുണ്ടായി. ലോകനാഥൻ കമ്മിറ്റി തയാറാക്കീട്ടുള്ള കണക്കുകളൊക്കെ തെറ്റാണു്. അതു പഴയ കണക്കാണു്. മത്സ്യത്തൊഴിലാളികളുടെ പ്രതിവർഷവരുമാനം 86 രൂപ എന്നു പറഞ്ഞിട്ടുണ്ടു്. അങ്ങനെ പ്രതിവർഷം 86 രൂപാ കിട്ടുന്ന മത്സ്യത്തൊഴിലാളികളും ഇന്നു കേരളത്തിലില്ല. അതുകൊണ്ടു അതു തിരുത്തേണ്ടതാണു്.

എനിക്കുള്ള സമയംതന്നെ വളരെ ചുരുക്കമായതുകൊണ്ടു് ഉൾനാടൻ മൽസ്യവ്യവസായത്തെപ്പറ്റി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുക എന്നുള്ളതുമാത്രമേ എനിക്കുദ്ദേശമുള്ളൂ. കടലിൽ മീൻ പിടിക്കുന്ന മൽസ്യത്തൊഴിലാളികളെപ്പറ്റി ഇനിയും എന്റെ സുഹൃത്തുക്കളുംക്കു പറയാനുണ്ടു് വളരെ അധികം കാര്യങ്ങളും. പക്ഷെ, ഈ ഉൾനാടൻ മൽസ്യവ്യവസായത്തെ സംബന്ധിച്ചിടത്തോളം ഏതാണ്ടു് ആരും ഉടമസ്ഥനില്ലാത്ത രീതിയിൽ കിടക്കുന്ന ഒരു വ്യവസായമാണെന്നുള്ളതിൽ സംശയമൊന്നുമില്ല. നമ്മുടെ നാട്ടിൽ ധാരാളം ഉൾനാടൻ മൽസ്യവ്യവസായതൊഴിലാളികളുണ്ടു്. എന്നാൽ അവർ എവിടെയെല്ലാം മീൻ പിടിക്കുന്നു, അവർക്കു് എന്തു വരുമാനം ലഭിക്കുന്നുണ്ടു്, അവരുടെ ജീവിതനിലവാരം എന്താണു്, ഒരു വ്യവസായം എന്നുള്ള മാർഗ്ഗത്തിൽക്കൂടി ഇതിനെ വളർത്തിയെടുക്കേണ്ടതു് എങ്ങനെയാണു് എന്നുള്ള കാര്യങ്ങളെപ്പറ്റി ഗവണ്മെന്റു് ചിന്തിച്ചിട്ടുണ്ടു് എന്നു് എനിക്കു തോന്നുന്നില്ല. വാസ്തവത്തിൽ കേരളത്തിൽ ഉൾനാടൻ മൽസ്യവ്യവസായം ഏതു സ്ഥലത്തെ അപേക്ഷിച്ചും, കടലിലെ മൽസ്യവ്യവസായം പോലെതന്നെ വളർത്തിയെടുക്കാവുന്ന ഒന്നാണു്. സർ, ഈ രാജ്യത്തു 41 നദികളുണ്ടു്. ഈ നദികൾക്കെല്ലാംകൂടി 13 ലക്ഷത്തിചില്വാനംചതുരശ്രമൈൽജലസംഭരണസ്ഥലമുണ്ടു്. അതിൽ നാലുനദികൾ ഒഴികെ കടലിൽ വീഴുന്നുണ്ടു്. അവയ്ക്കുതന്നെ നൂറുനാഴികയിൽ കൂടുതൽ നീളമുണ്ടു്. അപ്പോൾ ഈ ഉൾനാടൻ മൽസ്യവ്യവസായം വികസിപ്പിക്കുന്നതിനു, അതു വളർത്തിയെടുക്കുന്നതിനു ആവശ്യമുള്ള നദിമുഖങ്ങളിൽ ചിറകെട്ടി അവിടെയെല്ലാം ഈ മൽസ്യം വളർത്തുന്നതിനു യാതൊരു ബുദ്ധിമുട്ടും ഇല്ല.

ശ്രീ. എം. എം. മത്തായി : സർ, ഒരുപോദ്യം. ഈ നദികളിലും മറ്റും നഞ്ചും തോട്ടായും മറ്റും ഇട്ടു മൽസ്യംപിടിക്കുന്നതു കൊണ്ടു വളരെ അധികം മൽസ്യക്കുഞ്ഞുങ്ങളെ കൊല്ലുന്നതായി അറിയാമോ ?

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : അറിയാം. അതുപോലെതന്നെ ഇവിടെ കായലുകളും മുന്നൂറു ചതുരശ്രമൈലോളമുണ്ടു്. അഷ്ടമുടിക്കായൽ, കായംകുളംകായൽ, വേമ്പനാട്ടുകായൽ ഇങ്ങനെ മൂന്നു വലിയ കായലുകളും നമ്മുടെ സംസ്ഥാനത്തുണ്ടു്. ഇവ മൽസ്യക്കുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്നതിനു ഏറ്റവും സൗകര്യമുള്ള കായലുകളാണു്. എന്നിരുന്നാലും അതു വലിയ ശ്രദ്ധ അക്കാര്യത്തിൽ പെലുത്തിയിട്ടുണ്ടോ എന്നു സംശയമാണു്.

പിന്നിട്ടു് ശ്രീമാൻ മത്തായി പറഞ്ഞു, ഇവിടെ ആറുകളിലും തോടുകളിലും കുളങ്ങളിലും നഞ്ചും തോട്ടായുമൊക്കെ ഇടുന്ന ഏർപ്പാടുണ്ടു് എന്നു്. ആ ദ്രോഹം കടലിലും കായലിലും നടത്തുന്നുണ്ടു്. അങ്ങനെ ചെയ്യുന്നതു ശിക്ഷാർഹമാണെന്നു നിയമവും ഉണ്ടു്. എന്നാൽ നഞ്ചും തോട്ടായും ഇട്ടു മീൻ പിടിക്കുകയും മൽസ്യക്കുഞ്ഞുങ്ങളെ അങ്ങനെ നശിപ്പിക്കുകയും ചെയ്യുന്നതു് ഈ രാജ്യത്തിന്റെ എല്ലാഭാഗത്തും നടന്നുവരുന്നുണ്ടു്. ഒരു തോട്ടായിട്ടാൻ അയ്യായിരം മൽസ്യക്കുഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

ങ്ങും നശിച്ചുപോകും എന്നാണു പറയപ്പെടുന്നതു്. ഇതു് പോലീസ് ഡിപ്പാർട്ടുമെൻറും ഫിഷറീസ് ഡിപ്പാർട്ടുമെൻറും ശ്രദ്ധിക്കുകയാണെങ്കിൽ ഈ ഏർപ്പാടു കുറെ കുറയ്ക്കുവാൻ സാധിക്കുമെന്നാണു് എൻറെ അഭിപ്രായം. സർ, ഈ തോട്ടയിടീലിൽ ഒരു അപകടംകൂടിയുണ്ടു്. വളരെ അധികം പുതിയ പാലങ്ങളും പഴയ പാലങ്ങളും ഈ രാജ്യത്തുണ്ടു്. പാലത്തിൻറെ കാലുകൾ നിൽക്കുന്നസ്ഥലത്തു താഴ്ചകൂടുതൽ ഉണ്ടു്. അവിടെ മത്സ്യം തങ്ങിനിൽക്കുന്നു. അവിടെ തോട്ടയിട്ടാൽ പാലത്തിൻറെ തൂണുകൾക്കു് കേടു വരും. ഇതപകടമാണു്.

ശ്രീ. എം. കുഞ്ഞിക്കണ്ണൻ നമ്പ്യാർ: ഏറ്റവും അധികം തോട്ടയിടുന്നതും മത്സ്യംപിടിക്കുന്നതും ഈ പോലീസുദ്യോഗസ്ഥന്മാരും ഫിഷറീസ് ഉദ്യോഗസ്ഥന്മാരുമാണെന്നുള്ള വിവരം അറിയാമോ ?

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : പോലീസുകാർ കാക്കിയുടുപ്പ് ഇട്ടുകൊണ്ടു് തോട്ടയിടുന്നതും നഞ്ചു കലക്കുന്നതും കണ്ടിട്ടില്ല. അതു മുഴുവനും ശരിയാണെന്നുള്ളതു പറയാൻ സാദ്ധ്യമല്ല.

സർ, ഉഴംനാടൻ മത്സ്യവ്യവസായത്തിനെസംബന്ധിച്ചിടത്തോളം അതിഭയങ്കരമായ ഒരു അപകടം ഈ ഉൗത്തപിടിക്കുന്ന ഏർപ്പാടാണു്. അതു ഫിഷറീസ് ഡിപ്പാർട്ടുമെൻറിലുള്ളവർക്കും അറിയാവുന്നതാണു്. അതായതു്, ഇടവപ്പാതികാലത്തു ആദ്യകാലത്തെ വെള്ളംവരുന്നസമയം മീനിൻറെ ക്ലോസ്സിംഗ് സീസണാണു്. അപ്പോഴും ഈ മത്സ്യം മുട്ടയിടുന്നകാലമാണു്, അക്കാലമാണു് ഇവിടെ കൂടുതൽ മത്സ്യം പിടിക്കുന്നകാലം. അതുകൊണ്ടു് അപ്പോഴും ഈ മത്സ്യക്കുഞ്ഞുങ്ങളും നശിക്കും. പമ്പാ, മണിമല, അച്ചൻകോവിൽ ഈ നദികളിൽ വളരെ അധികം തുക്കവും രുചിയുമുള്ള മത്സ്യങ്ങൾധാരാളമുണ്ടായിരുന്നു. ഉഴംനാടൻ മത്സ്യവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന വ്യവസായികളെസംബന്ധിച്ചിടത്തോളം അവർക്കു പാർക്കാനുള്ള സ്ഥലം വളരെ കുറവാണു്. അവരുടെ വീടുകളും കടപ്പുറത്തുള്ള മത്സ്യത്തൊഴിലാളികളുടെ വീടുകളെക്കാളും കഷ്ടമാണു്. അവിടെ അവർക്കു നല്ല കാറ്റെങ്കിലും കിട്ടും. ഉദാഹരണമായിട്ടു പമ്പാനദിയിൽ ചുറ്റപ്പെട്ടപരിമല എന്നൊരു ദ്വീപുണ്ടു്. അവിടെ ഒരു പുരയിടത്തിൽ 275 കുടുംബങ്ങളും താമസമുണ്ടു്. അതിനുസമീപമുള്ള പ്രദേശങ്ങളും ധനികന്മാരായിട്ടുള്ള ആളുകളും കൈ അടക്കിവച്ചിട്ടുണ്ടു്. ഗവണ്മെൻറു അവരുടെ കയ്യിൽ നിന്നും ഈ സ്ഥലം എടുത്തു ഇവർക്കു വീടുവച്ചുകൊടുത്താൽ അതു സൗകര്യമായിരിക്കും.

അതുപോലെതന്നെ ഉഴംനാടൻ മത്സ്യവ്യവസായത്തെ വളർത്തികൊണ്ടു് വരാൻ ഗവണ്മെൻറു ഇതുവരെ ഒന്നും ചെയ്തിട്ടില്ലാ എന്നു പറയാൻ കാരണം, ഇന്നു ആയക്കെട്ടു അനുസരിച്ചു തിരുവനന്തപുരം ഡിസ്ട്രിക്ടിൽപ്പെട്ട നെയ്യാറിൻകര താലൂക്കിൽ 832 കുളങ്ങളുണ്ടു്. ഈ 832 കുളങ്ങളിൽ മത്സ്യം വളർത്തുകയാണെങ്കിൽ ഇവടത്തെ ആവശ്യത്തിനു മത്സ്യം കൊടുക്കാൻ സാധിക്കും. അങ്ങനെ ലക്ഷോപലക്ഷം കുളങ്ങളും കേരളത്തിൻറെ ഒരറ്റംമുതൽ മറ്റേ അറ്റംവരെയുണ്ടു്. ചേർത്തല മുതലായ സ്ഥലങ്ങളിൽ ഒരു പുരയിടത്തിൽതന്നെ നാലും അഞ്ചും കുളങ്ങളും വരെയുണ്ടു്. ഈ കുളങ്ങളിലെല്ലാം മത്സ്യം വളർത്താനുള്ള സാഹചര്യം വളരെയുണ്ടു്. അതുകൊണ്ടു് ഉഴംനാടൻ മത്സ്യവ്യവസായം വികസിപ്പിക്കുന്നതിനും ഉഴംനാടൻ മത്സ്യവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ടിയുള്ള നടപടികളെടുക്കണം എന്നു അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, മത്സ്യവ്യവസായ വികസനത്തിൽ നാം വളരെ ഏറെ പരാജയപ്പെട്ട എന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. ചെകുത്താനാണു് വേദം ഓതുന്നതെങ്കിലും കണക്കുകൾക്കു കളവു പറയാൻ സാധിക്കുകയില്ല. സർ, ഇവിടെ ഗവണ്മെൻറിൽനിന്നും തന്നിട്ടുള്ള സ്ഥിതിവിവരക്കണക്കുകളിൽനിന്നും ചോദ്യങ്ങൾക്കു നൽകീട്ടുള്ള ഉത്തരങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എസ്. ശ്രീനിവാസൻ]

ളിൽനിന്നും വളരെ വ്യക്തമായി തെളിയുന്ന ഒരു സംഗതി നാം മത്സ്യവ്യവസായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയിൽ വളരെ കുറച്ചു മാത്രമേ ചെലവാക്കാൻ കഴിഞ്ഞിട്ടുള്ളു എന്നുള്ളതാണ്. അതു ആരുടെ കുറ്റംകൊണ്ടാണെന്നു പറയുകയല്ല. മന്ത്രിയുടെ കുറ്റം കൊണ്ടാണോ, അതോ ഡിപ്പാർട്ടുമെൻറിന്റെ കുറ്റം കൊണ്ടാണോ എന്നുള്ളതിലേയ്ക്കു ഞാൻ കടക്കുന്നില്ല. എന്തായിരുന്നാലും നാം ഇക്കാര്യത്തിൽ വിജയിച്ചില്ല. ശ്രീമാൻ പി. രവീന്ദ്രൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി, മൂന്നാം പദ്ധതിയിൽ ഗവണ്മെൻറ് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ആയിരം വീടുകൾ ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നു്. പക്ഷേ, അതിൽ 65 വീടുകളുടെ പണി മാത്രമേ പൂർത്തിയായിട്ടുള്ളു. ഇനിയും നൂറിൽ താഴെ വീടുകളുണ്ടാക്കാനുള്ള ഏർപ്പാടുകൾ നടന്നുവരുന്നതായി പറയുന്നുണ്ട്. ഇനി ബാക്കിയുള്ള വീടുകൾ എപ്പോൾ ഉണ്ടാകുമെന്നു നിശ്ചയമില്ല. നിശ്ചയമായും ഈ കാലയളവിനുള്ളിൽ ആയിരം വീടുകൾ ഉണ്ടാകും എന്നുള്ളതിനു ഉറപ്പില്ല. അങ്ങനെ ഓരോ പദ്ധതിയും എടുത്തു നോക്കുമ്പോൾ പ്രവർത്തനത്തിൽ വളരെ ഏറെ കാലതാമസവും മാന്ദ്യവും നമുക്കു കാണാൻ സാധിക്കും.

സർ, ഇവിടെ മത്സ്യവ്യവസായ വികസനത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയിൽ വളരെ ചുരുക്കമായിട്ടേ ചെലവാക്കിയിട്ടുള്ളു. അതിൽ ഒരു ഭാഗം കടലിൽ തൊഴിൽ ചെയ്യുന്ന ആളുകൾക്കുവേണ്ടിയാണു്. മറ്റു മത്സ്യത്തൊഴിലാളികൾക്കു വേണ്ടിയല്ല ചെലവാക്കിയിരിക്കുന്നതു് എന്നുള്ള ഒരു ആരോപണമുണ്ടു്. കടലിൽ മത്സ്യം പിടിക്കുന്ന തൊഴിലാളികൾക്കു കൊടുക്കുന്നതിനോടെനിക്കെതിർപ്പില്ല. ആവശ്യമുള്ളതു കൊടുക്കുന്നില്ലെന്നേ പരാതിയുള്ളു. അവർക്കു് നിരവധി ആവലാതികളുണ്ടു്. ചാവക്കാടു് പ്രദേശത്തുള്ള രണ്ടായിരത്തിൽപരം മത്സ്യത്തൊഴിലാളികൾ ഇപ്പോൾ പട്ടിണിയിലാണു് കഴിഞ്ഞുകൂടുന്നതു്. കാരണം, അവർക്കു മത്സ്യം കിട്ടുന്നില്ല. യാന്ത്രികബോട്ടുകളുണ്ടെങ്കിൽ ഉൾക്കടലിൽപോയി മീൻപിടിക്കാൻ കഴിഞ്ഞേക്കും. പക്ഷേ അതില്ല. അവർക്കു മറ്റു ദുരിതാശ്വാസ നടപടികളും ലഭിക്കുന്നില്ല. ഈ തൊഴിലാളികൾക്കു് അടിയന്തിരമായി വേണ്ട ആശ്വാസനടപടികൾ കൈക്കൊള്ളണമെന്നപേക്ഷ. ഈ സംസ്ഥാനത്തു് മുന്നൂറിലധികം ചതുരശ്ര നാഴിക വിസ്തീർണ്ണമുള്ള ബാക്ക് വാട്ടേഴ്സ് ഉണ്ടു്. അവിടെ മത്സ്യം പിടിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം പിടിക്കാൻ കിട്ടുന്നില്ല. വേമ്പനാട്ടുകായലിന്റെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കു തന്നെ ഗവണ്മെൻറിൽനിന്നും അനുവദിച്ചിട്ടുള്ള സംരക്ഷണങ്ങളുടെ ഓഹരികൾപോലും കിട്ടുന്നില്ല എന്നുള്ള പരാതിയുണ്ടു്. നാം സംഘടിപ്പിക്കുന്ന കമ്മറ്റികളിലും ബോർഡിലുമെല്ലാം അവർക്കു പ്രാതിനിധ്യമില്ല. ബോട്ടുകൾ കൊടുക്കുന്ന കാര്യത്തിൽ അവർക്കു ബോട്ടുകൾ കൊടുക്കാറില്ല. ടെയിനിംഗിനെടുക്കുന്നവരുടെ കൂട്ടത്തിൽ അവരെ എടുക്കാറില്ല. അതുപോലെ വേന നിർമ്മാണ കാര്യത്തിലും അവർക്കു കാര്യമായ ആനുകൂല്യം കിട്ടുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി വേനനിർമ്മാണകാര്യത്തെപ്പറ്റി പറയുമ്പോൾ എന്റെ നിയോജകമണ്ഡലത്തിലുള്ള കാര്യത്തെസംബന്ധിച്ചു പ്രത്യേകമായി പറയുമെന്നെനിക്കറിയാം. ഈ വീടുകൾ കൊടുക്കുന്ന കാര്യത്തിൽ ധാരാളമായി കക്ഷിപക്ഷപാതം നടക്കുന്നുണ്ടു്. കക്ഷിപക്ഷപാതം പലപ്പോഴും അഴിമതികൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. തെറ്റുകളും അഴിമതികളും കണ്ടാലും സ്വന്തക്കാരായതുകൊണ്ടു് അതു മൂടിവയ്ക്കപ്പെടുന്നു.

ഹൗസിംഗ് സ്കീം അനുസരിച്ചു് ആദ്യം 900 രൂപ വീതം ചെലവുവരുന്ന 59 വീടുകൾ നിർമ്മിക്കാൻ എന്റെ നിയോജകമണ്ഡലത്തിൽ ടി. വി. പുരത്തു് ഒരു പദ്ധതിയുണ്ടായിരുന്നു. 900 രൂപയ്ക്കു എങ്ങനെയാണു് ഒരു വീടുണ്ടാക്കുന്നതെന്നു അനുഭവത്തിൽനിന്നു വ്യക്തമാകും. മുൻപു് ആയിരം രൂപ ചെലവാകുമായിരുന്ന ഒരു കെട്ടിടത്തിനു് ഇന്നു് രണ്ടായിരവും, മൂവായിരവും രൂപ വേണ്ടിവരും. അവിടെ നിർമ്മിച്ച വീടുകൾ ഒരു സൊസൈറ്റിയുടെ നേതൃത്വത്തിലാണു് പണികഴിപ്പിച്ചതു്. വലിയ അഴിമതികൾ അതുസംബന്ധിച്ചു നടന്നിട്ടുണ്ടെന്നു് പരാതിയുണ്ടു്. ആദ്യം കൊടുത്ത തുക പോരാതെ വന്നതുകൊണ്ടു് അടുത്തകാലത്തു് 10000-ൽ പരം രൂപാകൂടി കൊടുത്തു. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് തീരുന്നമട്ടില്ല. ഇനി ഓരോ വീടിനും 152 രൂപാ വീതം മിച്ചമുണ്ടെന്നും ആ പണം വാങ്ങിക്കൊണ്ട് വീടുകൾ അവരവർ സ്വയം തീർത്തു കൊള്ളണമെന്നും ഇപ്പോൾ സൊസൈറ്റി കമ്മറ്റിഅംഗങ്ങളെ അറിയിച്ചിരിക്കുകയാണ്. ഈ പണംകൊണ്ട് പണിതീരുകയില്ലെന്ന വ്യക്തമായപ്പോൾ കമ്മറ്റിക്കാർ കയ്യൊഴിഞ്ഞു മാറുകയാണ്. പ്ലോട്ടുകളും വീടുകളും അലോട്ടു ചെയ്തുകൊടുത്തതിനെപ്പറ്റിയും പല പരാതികളുമുണ്ട്. 10 സെന്റിനു മേൽ മൂന്നു ഏക്കർ വരെ ഭൂമിയും വീടുകളുമുള്ളവർക്കു ഈ സ്ഥലവും വീടും കൊടുത്തതായി പരാതിയുണ്ട്. അതുപോലെ ഇങ്ങനെ കിട്ടിയ ചിലർ അതു കൈമാറ്റം ചെയ്തതായും ആക്ഷേപമുണ്ട്. ഇത്തരം സംഭവങ്ങളും ഉണ്ടാകുന്നതു ഈ കാര്യത്തിൽ കക്ഷിപക്ഷപാതം കാണിക്കുന്നതുകൊണ്ടാണ്. കോൺഗ്രസ് കക്ഷിയിലെ, ഭരണകക്ഷിയിലെ ആളുകൾക്കു അമിതമായ ആനുകൂല്യങ്ങളും മറ്റുള്ളവർക്ക് ന്യായമായി ലഭിക്കേണ്ടതുപോലും നിഷേധിക്കലുമാണ നടക്കുന്നതു. ഭരണകക്ഷിയുടെ താല്പര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ബോർഡുകളും സംഘങ്ങളും ചെയ്യുന്ന ഗുരുതരമായ തെറ്റുകളുടെനേരെ ബഹുമാനപ്പെട്ട മന്ത്രിയും കണ്ണടയ്ക്കുകയാണു പതിവ്. കഴിയുന്നതും ഈ കക്ഷിപക്ഷപാതം പാവപ്പെട്ട ആളുകളുടെ കാര്യത്തിലെങ്കിലും ഒഴിവാക്കുന്നതു നന്നായിരിക്കും. കമ്മ്യൂണിസ്റ്റു പാർട്ടിയോ, പി. എസ്സ്. പി. യോ, ലീഗോ എന്നു നോക്കാതെ പാവപ്പെട്ട ഇത്തരം തൊഴിലാളികൾക്ക് സൗകര്യംചെയ്തു കൊടുക്കാൻ ശ്രമിക്കണം.

കായൽതീരങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കു വീടുകിട്ടാൻ ഇന്നു വളരെ ബുദ്ധിമുട്ടുണ്ട്. അവർ മിക്കവാറും കുടികിടപ്പുകാരാണ്. മറ്റു വീടോ, സ്ഥലമോ അവക്കില്ല. കുടികിടപ്പിനു പുതുതായി ആരും സ്ഥലം കൊടുക്കുകയില്ല. വിപുലമായതോതിൽ മത്സ്യത്തൊഴിലാളികൾക്കു ഭവന നിർമ്മാണം നടത്താൻ ഗവണ്മെന്റുതന്നെ മുതല മുറ്റെടുക്കേണ്ടതാണ്, അതുപോലെതന്നെ ഇന്നു് വീടുണ്ടാക്കാൻ അനുവദിച്ചിരിക്കുന്ന തുകയും അപര്യാപ്തമാണ്. അതു വർദ്ധിപ്പിക്കേണ്ടതാണ്.

മറ്റൊരുകാര്യം എനിക്കു പറയാനുണ്ട്. കായൽതീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ എൻ. ഇ. എസ്. ബ്ലോക്കുകൾ ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ വികസനപരമായ പ്രവർത്തനങ്ങളിൽ തീരപ്രദേശങ്ങളിലെ എൻ. ഇ. എസ്. ബ്ലോക്കുകൾക്കു താൽപര്യം ഉണ്ടായിരിക്കുമെന്നു ഗവണ്മെന്റുതന്നെ സമ്മതിച്ചിട്ടുള്ളതാണ്. പക്ഷേ, ഈ ബ്ലോക്കുകളുടെ പ്രവർത്തനത്തിലാകട്ടേ, കമ്മിറ്റികളിലാകട്ടേ മത്സ്യവ്യവസായവികസനത്തിനു പറയത്തക്ക പ്രാധാന്യം നൽകിയിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ പ്രതിനിധികളെ ബ്ലോക്ക് അഡൈ്വസറി കമ്മറ്റികളിൽ എടുക്കുന്നില്ല. കാര്യമായി ഈ വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ബ്ലോക്കുകളും ശ്രദ്ധിക്കാറില്ല. ഡി. സി. സി. കളിലും, ബ്ലോക്കുകളും സംഘടിപ്പിക്കുന്ന കമ്മിറ്റികളിലും മത്സ്യത്തൊഴിലാളികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നില്ല. അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ബ്ലോക്കിന്റെ പ്രവർത്തനം മുമ്പോട്ടു കൊണ്ടുപോകണമെന്നു പ്രത്യേകം ഗവണ്മെന്റിനെ ഓർമ്മിപ്പിക്കുകയാണ്.

സർ, ബോട്ടുകളുടെ വിതരണത്തെപ്പറ്റിയാണ് ഇനി എനിക്കു പറയാനുള്ളതു്. അഡൈ്വസറി ബോർഡിലെ ചില ആളുകളുടെ സ്വന്തക്കാർക്കു ബോട്ടു വിതരണം ചെയ്തതായി ആക്ഷേപം ഉണ്ടായിരുന്നു. കോഴിക്കോട്ടു അഡൈ്വസറി കമ്മിറ്റിയംഗമായ ശ്രീ. ഭരതൻ അദ്ദേഹത്തിന്റെ സഹോദരനും, ഭാര്യാസഹോദരനും സ്വന്തക്കാർക്കും ബോട്ടു കൊടുത്തതായി ആക്ഷേപം ഈ സഭയിൽതന്നെ ഉണ്ടായിട്ടുണ്ട്. ബോട്ടു നൽകിയതിൽ സ്വജനപക്ഷപാതം വളരെ പ്രകടമായി കണ്ടിരുന്നു.

ശ്രീ. കെ. കുഞ്ഞമ്പു : ഇപ്പോൾ അഡൈ്വസറി ബോർഡില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ : അങ്ങനെ ബോട്ടു വിതരണത്തെ സംബന്ധിച്ചു വളരെ ഗൗരവതരമായ ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. പി. എസ്. ശ്രീനിവാസൻ):

അഡ്വൈസറി ബോർഡിൽനിന്നു ശ്രീ. ഹരിഹരൻ രാജിവയ്ക്കുകയും, വലിയ ഒരു കോൺഗ്രസ് പ്രവർത്തകനായ ശ്രീ. പി. കെ. ഡീവർ നിരവധി ആക്ഷേപങ്ങളും ഉന്നയിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കു കത്തുകളും അയയ്ക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ ആക്ഷേപം ഉന്നയിച്ച കത്തുകളും ഒന്നും ശ്രീ. പി. കെ. ഡീവർ എനിക്കയച്ചിട്ടില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ശ്രീ. ഡീവർതന്നെയാണ് എന്നോടു പറഞ്ഞതു്. വളരെ ഉത്തരവാദിത്വത്തോടുകൂടി ഇതു പറയുകയാണു്. സർ, ഇങ്ങനെ അനാശാസ്യമായ പല പ്രവണതകളും ഉള്ളതു് അവസാനിപ്പിക്കണം എന്നു ഞാൻ അപേക്ഷിക്കുകയാണു്.

കായൽമത്സ്യത്തൊഴിലാളികൾക്കു് അടിയന്തിരമായി ചെയ്തുകൊടുക്കേണ്ട ഒന്നുരണ്ടു കാര്യങ്ങളെപ്പറ്റി പറഞ്ഞുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിക്കാം. അവർക്കു വല ഉണക്കാൻ പ്രത്യേക സൗകര്യം ഇന്നില്ല. മത്സ്യം പിടിച്ചു കഴിഞ്ഞാൽ വല ഉണക്കാൻ ഒരു പൊതുസ്ഥലം അവരുടെ കേന്ദ്രങ്ങളിൽ സൗകര്യപ്പെടുത്തി കൊടുക്കുന്നതു നന്നായിരിക്കും. പിടിക്കുന്ന മത്സ്യം കേടുവരാതെ സൂക്ഷിക്കാനുള്ള സൗകര്യവും ഉണ്ടാവണം.

വേമ്പനാട്ടു കായലിൽ ഇപ്പോഴും ഒരുതരം പായൽ വന്നടിയുന്നതുനിമിത്തം മത്സ്യം പിടിക്കാൻ പ്രയാസം നേരിടുന്നുണ്ടു്. അതു കോൺഗ്രസു പായലാണോ, കമ്മ്യൂണിസ്റ്റു പായലാണോ എന്നു നിശ്ചയമില്ല. ഏതായാലും പായൽ നീക്കി മത്സ്യം പിടിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടു് അഭ്യർത്ഥിക്കുകയാണു്.

ഇന്നത്തെ മത്സ്യം വളർത്തലിൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിച്ചാൽ കൊള്ളാം. വളരെ പ്രിയമുള്ള മത്സ്യം വളർത്തുന്ന കാര്യത്തിൽ പഞ്ചായത്തുകൾ ശ്രദ്ധിച്ചാൽ നല്ല ഒരു വരുമാനം ഉണ്ടാക്കാം. ഓരോ പഞ്ചായത്തിലും സൗകര്യംപോലെ കരിമീൻ, കൊഞ്ചു് തുടങ്ങി പ്രിയമുള്ളതും, വിലപിടിപ്പുള്ളതുമായ മത്സ്യം വളർത്തണം. ഇത്തരം മത്സ്യക്കുഞ്ഞുങ്ങളെ വളർത്താൻ വിതരണം ചെയ്യുകയും, പഞ്ചായത്തുകളിൽ അവ വളർത്തപ്പെടുകയും ചെയ്താൽ, ഗവണ്മെന്റിനു വിദേശനാണ്യം ഉണ്ടാക്കുന്നതിനും, പഞ്ചായത്തുകൾക്കു നല്ല വരുമാനം ഉണ്ടാക്കുന്നതിനും സൗകര്യം ലഭിക്കുന്നതാണു്. ഈ കാര്യത്തിൽ ഗവണ്മെന്റു ഗൗരവപൂർവ്വം ശ്രദ്ധചെലുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ടു്, മറ്റു പലതും പറയാനുണ്ടെങ്കിലും സമയം ഇല്ലാത്തതുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണു്. ഇൻഡ്യയിൽ മത്സ്യബന്ധനത്തെ സംബന്ധിച്ചിടത്തോളം കേരളം രണ്ടാം സ്ഥാനമാണു വഹിക്കുന്നതെന്നു പറയുന്നു. സർ, നമുക്കു സ്വാതന്ത്ര്യം കൈവന്നതിനു ശേഷമാണു് മത്സ്യബന്ധനത്തിനു വളരെ പുരോഗതിയുണ്ടായിട്ടുള്ളതെന്നു കാണാൻ കഴിയും. മഹാരാഷ്ട്ര സംസ്ഥാനത്തു്, ബ്രിട്ടീഷുകാർ ഭരിച്ചിരുന്നകാലത്തുതന്നെ, യന്ത്രവൽകൃത ബോട്ടുകൾ ഏർപ്പെടുത്തുകയും, അതിന്റെ ഫലമായി കുറെ പുരോഗതി ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടു്. 50 കൊല്ലംമുൻപു് കൊച്ചിയിൽ ബാനർജി ദിവാനായിരുന്ന കാലത്തു് ഇവിടെ യന്ത്രവൽകൃത ബോട്ടുകൾ ഏർപ്പെടുത്തണമെന്ന അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. അന്നത്തെ ബ്രിട്ടീഷു മേധാവികൾ അതിനു് അനുകൂലമായ ഒരു നിലപാടു് സ്വീകരിക്കാത്തതിന്റെ ഫലമായി അതു് നടപ്പാക്കാൻ കഴിഞ്ഞില്ല. പക്ഷേ, രണ്ടു പഞ്ചവത്സരപദ്ധതികളിലായി കേരളത്തിൽ യന്ത്രവൽകൃത ബോട്ടുകൾ ഏർപ്പെടുത്തിയതിന്റെ ഫലം നമുക്കു കാണാൻ കഴിഞ്ഞിട്ടുണ്ടു്. രണ്ടും മൂന്നും പദ്ധതികളിലായി 367 ബോട്ടുകൾ സർക്കാർ വകയായിട്ടും, ഇൻഡോ നാവ്വീജിയൻ പ്രോജക്റ്റു വകയായിട്ടും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടു്. അതിനും പുറമേ 500 ബോട്ടുകൾ സഹകാര്യരംഗത്തും

LIBRARY ARCHIVES Kerala Legislative Assembly

വന്നിട്ടുണ്ട്. 3-ാം പദ്ധതിക്കാലത്തു് 760 ബോട്ടുകളാണു വിതരണം ചെയ്യാൻ ഉദ്ദേശിച്ചിരുന്നതെങ്കിലും അതു മുഴുവൻ വിതരണം ചെയ്യാൻ കഴിയുമോ എന്നു സംശയമാണു്. അതിനു പ്രധാന കാരണം, ഇവിടെ നമുക്കു് മതിയായ ഡീസൽ എൻജിൻ കിട്ടാത്തതാണു്. ഗവണ്മെന്റു് അതിനായിട്ടു് ഒരു മതിയായ ഡീസൽ എൻജിൻ ഫാക്ടറിക്കുവേണ്ടി നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണു്. എന്തായാലും ഈ രംഗത്തു് മത്സ്യബന്ധനത്തിൽ അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള രാജ്യങ്ങളുമായി താരതമ്യം ചെയ്താൽ ഇൻഡ്യാ മൊത്തത്തിൽ ഒരു നൂറുകൊല്ലം പിമ്പിലാണു്. കേരളത്തിനു നാം പദ്ധതികൊണ്ടു് ആയിരമോ, ആയിരത്തി ഇരുനൂറോ ബോട്ടുകളുംമാത്രമേ കടലിൽ ഇറക്കാൻ സാധിക്കുകയുള്ളു. പത്തുകൊല്ലത്തിനിടയിൽ മറ്റു പല രാജ്യത്തും ഈ രംഗത്തു് വലിയ പുരോഗതി ഉണ്ടായിട്ടുണ്ടു്. ജപ്പാനിൽ 1920-ൽ 5000 ബോട്ടുകളും ഉണ്ടായിരുന്നതു് പത്തുകൊല്ലംകൊണ്ടു് 31000 ആയി വർദ്ധിച്ചിട്ടുണ്ടു്. അതുപോലുള്ള വർദ്ധനവു് ഇൻഡ്യയിൽ ഉണ്ടായിട്ടില്ല. പക്ഷേ, ഈ രംഗത്തെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടു് ഇന്നു നാം കൂടുതൽ യന്ത്രവൽകൃത ബോട്ടുകളും ഉപയോഗിക്കുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണു്.

സർ, മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഫിഷറീസു വകുപ്പിനുവേണ്ടി നാലരക്കോടിരൂപയാണു് നീക്കിവച്ചിട്ടുള്ളതു്. അതിൽ, 169 ലക്ഷം രൂപയേ ബഡ്ജറ്റിൽ ഇതുവരെ വക കൊള്ളിച്ചിരുന്നുള്ളു. 72 ശതമാനമേ ചെലവായിട്ടുള്ളു. അങ്ങനെ ചെലവഴിച്ച തുക കുറയാൻ കാരണം, ഫിഷിംഗ് ഹാർബർ പണിയുന്നതിനുവേണ്ടി അംഗീകരിച്ച പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കാത്തതാണു്. സ്ഥലം അക്വയർചെയ്യുന്നതിനും, കെട്ടിടങ്ങൾ പണിയുന്നതിനും താമസം നേരിട്ടു. പി. ഡബ്ലിയു. വകുപ്പാണു് കെട്ടിടം പണിയുടെ ചുമതല ഏറ്റെടുത്തിരുന്നതു്. അതു സംബന്ധിച്ച പ്രവർത്തനം കാര്യമായിട്ടു മുമ്പോട്ടു പോകാതിരുന്നതിനാൽ 169 ലക്ഷം രൂപയുടെ 72 ശതമാനം മാത്രമെ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളു. ഹാർബർ പണികൂടി നടന്നിരുന്നെങ്കിൽ കൂടുതൽ തുക ഈ ഇനത്തിൽ ചെലവാകുമായിരുന്നു. ബഡ്ജറ്റിൽ തുക നീക്കിവയ്ക്കുന്നതു് കേന്ദ്രഗവണ്മെന്റിന്റെ സമ്മതത്തോടുകൂടിയാണു്. കൂടുതൽ കൂടുതൽ സംഖ്യ ഓരോ കൊല്ലവും അനുവദിച്ചിരുന്നെങ്കിൽ കൂടുതൽ ചെലവാക്കാൻ നമുക്കു കഴിയുമായിരുന്നു.

ശ്രീ. പി. വിശ്വംഭരൻ : അനുവദിച്ച തുകതന്നെ ചെലവഴിക്കാൻ സാധിച്ചിട്ടില്ലെന്നു സമ്മതിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ കൂടുതൽ തുക കേന്ദ്രം അനുവദിക്കത്തതിൽ ആക്ഷേപം പുറപ്പെടുവിക്കുകയാണോ ?

ശ്രീ. കെ. കെ. വിശ്വനാഥൻ : കേന്ദ്രഗവണ്മെന്റു് അനുവദിച്ച തുകയിൽ ഹാർബറിന്റെ പണി നടക്കാത്തതുകൊണ്ടു് ചെലവാകാതെ വന്നകാര്യം ഞാൻ പറഞ്ഞു.

ശ്രീ. പി. വിശ്വംഭരൻ : ഹാർബർ പണിക്കുവേണ്ടി, മുന്നു കൊല്ലത്തേക്കു് 25 ലക്ഷം രൂപയാണു് കൊള്ളിച്ചിട്ടുള്ളതെന്നറിയാമോ ?

ശ്രീ. കെ. കെ. വിശ്വനാഥൻ : എത്രയാലും ആ സംഖ്യമുഴുവൻ ഹാർബർ പണി നടത്തിയിരുന്നെങ്കിൽ ചെലവാകുമായിരുന്നു. ആ കാര്യത്തിനു ഗവണ്മെന്റിനെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. സർ, ഇവിടെ യന്ത്രവൽകൃത ബോട്ടുകളും പ്രവർത്തിക്കുന്നതിന്റെ ഫലമായി ഇപ്പോൾ 6,2,0000 ടൺ മത്സ്യം കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടു്.

ശ്രീ. എൻ. ഈ. ബലറാം : 'പാരിജാതം', 'മരതകം' എന്നീ ബോട്ടുകളും കൊച്ചിയിൽ പ്രവർത്തിക്കുന്നതുനിമിത്തം ചെറിയ മീൻ പിടുത്തക്കാർക്കു വിഷമം നേരിടുന്നതായി പറയുന്നതു് ശരിയാണോ ?

ശ്രീ. കെ. കെ. വിശ്വനാഥൻ : ഞാൻ പറഞ്ഞ കാര്യത്തെപ്പറ്റിയല്ല ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

ഏതായാലും ഈ രംഗത്തു കൂടുതൽ അഭിവൃദ്ധി ഉണ്ടാകണമെങ്കിൽ കൂടുതൽ ബോട്ടുകളും വേണ്ടിയിരിക്കുന്നു. മറൈൻ ഡീസൽ എൻജിൻ കുറവായതു കൊണ്ടു് ഇന്നു ബുദ്ധിമുട്ടു നേരിടുന്നുണ്ടു്. ഈ രംഗത്തു് ഒരു പുതിയ കോർപ്പറേഷൻ ഉണ്ടാക്കി, കൂടുതൽ ബോട്ടുകളും നിർമ്മിക്കാനും, മത്സ്യബന്ധനം കാര്യക്ഷമമാക്കുന്നതിനും ശ്രമിക്കേണ്ടിയിരിക്കുന്നു. ബോട്ടുകളും സഹകാര്യ വ്യക്തികൾക്കു് കൊടുത്തിട്ടുള്ളതായി ആക്ഷേപം ഉണ്ടായി. മത്സ്യത്തൊഴിലാളികളുടെ സഹകരണസംഘങ്ങൾക്കു വിതരണം ചെയ്താൽ ഈ കുഴപ്പം ഉണ്ടാകുകയില്ല. ഇന്നു പ്രത്യേകം ടെയിനിംഗ് കഴിഞ്ഞുവരുന്നവർക്കാണു് ബോട്ടു് നൽകുന്നതു്. നേരേമറിച്ചു് സഹകരണസംഘങ്ങളും ഉള്ള സ്ഥലങ്ങളിൽ അതു വിതരണം ചെയ്താൽ അതിന്റെ ഗുണഫലം ചെറിയ തോതിലാണെങ്കിലും എല്ലാവർക്കും കിട്ടാൻ സാദ്ധ്യതയുണ്ടു്. ഈ രംഗത്തു് സഹകരണ പ്രസ്ഥാനത്തിനു കൂടുതൽ പ്രചാരം ഉണ്ടാകേണ്ടതായിട്ടുണ്ടു്.

സർ, സമയം ഇല്ലാത്തതുകൊണ്ടു് ഞാൻ മറ്റു കാര്യങ്ങളിലേക്കു കടക്കുന്നില്ല. പ്രാദേശികമായ ഒരു കാര്യംകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. ഫോർട്ടു കൊച്ചി ചെല്ലാനം ഭാഗത്തു് രണ്ടു മാസക്കാലമായി, മത്സ്യത്തൊഴിലാളികളും ജോലിയില്ലാതെ വിഷമിക്കുകയാണു്. അവിടെ 1600 വീട്ടുകാരുണ്ടു്. അടിയന്തിരമായി അവർക്കു് എന്തെങ്കിലും ചെറിയ ജോലി ഉണ്ടാക്കി കൊടുത്തില്ലെങ്കിൽ വളരെ വിഷമിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. വല കെട്ടാൻ നൂൽ കിട്ടുന്നില്ല. 50 ശതമാനം സബ്സിഡിയായി ഓരോ കുടുംബത്തിനും 5 കിലോഗ്രാം നൂൽ കൊടുത്താൽ താൽക്കാലികമായി അവർക്കു് ജോലി ഉണ്ടാകും. അങ്ങനെ അവരുടെ ക്ഷാമം മാറുന്നതിനു് ഗവണ്മെന്റു് അടിയന്തിരമായ നടപടികളും കൈക്കൊള്ളണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. എ. എൽ. ജേക്കബ് : സർ, ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കയാണു്. ഈ ഗവണ്മെൻറു അധികാരത്തിൽ വന്നതിനുശേഷം ഈ ഡിപ്പാർട്ടുമെൻറിൽ വളരെയധികം പുരോഗതി വരുത്തിയിട്ടുണ്ടെന്നുള്ളതിൽ അനേകം തെളിവുകളും ഉണ്ടു്. എന്റെ മാന്യസ്നേഹിതൻ മി. രവീന്ദ്രൻ പറയുകയുണ്ടായി മൽസ്യ സമ്പത്തു കയറ്റി അയക്കുന്നതിനുള്ള യാതൊരു പ്രോപ്പഗാൻറായും ഈ ഗവണ്മെൻറു ചെയ്യുന്നില്ലായെന്നു്. മി. ശ്രീനിവാസൻ പറയുകയുണ്ടായി ഈ ഡിപ്പാർട്ടുമെൻറു വളരെയധികം പരാജയപ്പെട്ടിരിക്കുകയാണെന്നു്. ഈ ഗവണ്മെണ്ടു് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ഈ ഇനത്തിലുള്ള എക്സ്പോർട്ടു അങ്ങേയറ്റം വർദ്ധിച്ചിട്ടുണ്ടെന്നു് കണക്കുകളും തെളിയിക്കുന്നുണ്ടു്. 1961—ൽ ഈ ഗവണ്മെൻറും സെൻട്രൽ ഗവണ്മെൻറും കൂടി ആലോചിച്ചു് ഒരു മറയിൻ പ്രോഡക്റ്റ്സ് എക്സ്പോർട്ടു പ്രമോഷൻ കൗൺസിൽ രൂപീകരിക്കുകയുണ്ടായി. അതു് യഥാർത്ഥത്തിൽ നാനാഭാഗത്തുള്ള മൽസ്യസമ്പത്തും വിറ്റഴിക്കുന്നതിനു പ്രോപ്പഗാൻഡാ നടത്തിക്കൊണ്ടിരിക്കുകയാണു്. ഉണക്കമൽസ്യം കൊണ്ടുപോകുന്നതിനു ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലും തവള സമ്പത്തു് ഫ്രാൻസ്, അമേരിക്കാ തുടങ്ങിയ രാജ്യങ്ങളിലും വിറ്റഴിക്കുന്നുണ്ടു്. ഒരു സർവ്വേ നടത്തി ഈ കൗൺസിൽ വിദേശങ്ങളിലെ 12 പ്രദർശനങ്ങളിൽ പങ്കെടുക്കുകയുണ്ടായി. അമേരിക്കയിലെ പ്രമുഖ പത്രത്തിൽ പരസ്യം ചെയ്തിട്ടുണ്ടു്. ന്യൂയാർക്കിൽ രണ്ടു കെല്ലത്തേയ്ക്കു് ഒരു നിത്യ സ്റ്റാളും തന്നെ അനുവദിച്ചുകിട്ടിയിട്ടുണ്ടു്. മൽസ്യസമ്പത്തിനു ഒരു കാർപ്പറേഷൻതന്നെ സംഘടിപ്പിക്കുന്ന കാര്യവും ഗവണ്മെൻറു ആലോചിച്ചുകൊണ്ടിരിക്കുകയാണു്. ഈ കൗൺസിലിന്റെ ഒരു പ്രതിനിധിസംഘം റംഗൂൺ, ഹോളണ്ടു്, സിംഗപ്പൂർ മുതലായ രാജ്യങ്ങളിൽ സഞ്ചരിച്ചു് ഈ വ്യവസായം മുഖേന വളരെയധികം ഡോളർ സമ്പാദിക്കുന്ന കാര്യത്തെപ്പറ്റി ശ്രമം നടത്തിയിട്ടുണ്ടു്. ആധുനിക രീതിയിലുള്ള മത്സ്യബന്ധനം നടത്തുന്നതിനുവൽകൃതബോട്ടുകളും ഹോളണ്ടിൽ നിന്നും ഇങ്ങോട്ടു് ഇറക്കുമതി ചെയ്യുന്നതിലേക്കായി ഈ ഗവണ്മെൻറിന്റെ ഉപദേശപ്രകാരം 25 ലക്ഷം രൂപായുടെ വിദേശനാണ്യം നമുക്കു് ഇൻഡ്യാ ഗവണ്മെൻറിൽ നിന്നും അനുവദിച്ചിട്ടുണ്ടു്. ഇതുപൊക്കെ പ്രോപ്പഗാൻഡ ചെയ്യുന്നതിന്റെ ഫലമായി ഇന്നു് വളരെയധികം മത്സ്യ സമ്പത്തു് വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ടും ഇപ്രകാരം എന്റെ മാന്യ സുഹൃത്തുക്കളും ഈ ഗവണ്മെന്റിനെയും ഈ ഡിപ്പാർട്ടുമെന്റിനെയും പറഞ്ഞു കുറ്റം പറയുന്നതു് കേൾക്കുമ്പോൾ വളരെയധികം അത്ഭുതം തോന്നിപ്പോകുകയാണു്. വളരെയധികം മത്സ്യസമ്പത്തുള്ള ഒരു നാടാണു് ഇൻഡ്യാ. ഇൻഡ്യയുടെ പ്രധാന മത്സ്യസമ്പത്തിൽ 25 ശതമാനം കേരളത്തിലാണു് ഉണ്ടാകുന്നതു്. ഇവിടെ നിന്നും പിടിക്കുന്ന മത്സ്യത്തിൽ ശരാശരി ഒരു കൊല്ലത്തിൽ മൂന്നേകാൽ ലക്ഷം ടൺ മത്സ്യം പിടിച്ചുയക്കുന്നതിൽ രണ്ടേമുക്കാൽ ടൺ മത്സ്യവും കടലിൽ നിന്നാണു് പിടിക്കുന്നതു്. ഈ വ്യവസായത്തിൽ രണ്ടു ലക്ഷത്തിലധികം ആളുകളും ഇടപെടുന്നുണ്ടു്. അതിന്റെ ഫലമായി വളരെയധികം ആളുകളും ഈ വ്യവസായത്തിൽ ഏർപ്പെട്ടു് പട്ടിണിയില്ലാതെ കഴിയുന്നുണ്ടു്. ഇതെല്ലാം ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം ഉള്ള സ്തുത്യർഹമായ സേവനങ്ങളാണു്. പിടിക്കുന്ന മത്സ്യം കേടുവരാതെ സൂക്ഷിക്കപ്പെടുന്നതിനു് കോൾഡു് സ്റ്റോറേജു് കേരളത്തിന്റെ നാനാഭാഗത്തും സ്ഥാപിക്കേണ്ടതു് വളരെ അത്യാവശ്യമായ കാര്യമാണു്. കൊച്ചിയിലും എറണാകുളത്തും മാത്രം സ്ഥാപിച്ചാൽ പോരാ. നാനാഭാഗത്തും ഇത്തരം കോൾഡു് സ്റ്റോറേജു് സ്ഥാപിക്കുകയാണെങ്കിൽ മത്സ്യം കേടുവരാതെ സൂക്ഷിക്കാൻ കഴിയും. കൂടാതെ കൊച്ചിയിലുള്ള മത്സ്യസമ്പത്തു് അന്യ രാജ്യങ്ങളിലേക്കു് കയറ്റുമതി ചെയ്യുന്നതിലേക്കായി ഫ്രീസിംഗ് പ്ലാന്റു സംഘടിപ്പിച്ചിട്ടുള്ള ലോറികളും ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്. ആ കാര്യത്തിലും ഗവണ്മെന്റു ശ്രദ്ധിക്കണം. ഈ വ്യവസായത്തിനായി നാന്നൂറിൽ ചിലപ്പോൾ പുതിയ ബോട്ടുകളും പ്രവർത്തിക്കുന്നുണ്ടു്. അഞ്ചുകോടി രൂപയുടെ കയറ്റുമതി ഇന്നു കേരളത്തിൽ നിന്നു മാത്രം ചെയ്യുന്നുണ്ടു്. രണ്ടു കൊല്ലം കഴിഞ്ഞാൽ അതു് പത്തുകോടിയായി മാറും. അതിനുശേഷം അതു് അൻപതുകോടി ആയി മാറുമെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു്. ആ നിലയിൽ ഇന്നു് ഗവണ്മെന്റു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്. അതിലേക്കു് നാലായിരം ബോട്ടുകളും പ്രവർത്തിക്കേണ്ടിവരും. അതിലേക്കു് നല്ലൊരു ബോട്ടയാർഡു് ഉണ്ടാക്കുന്നകാര്യം ഗവണ്മെന്റു ശ്രദ്ധിക്കണം.

നമ്മുടെ ചെമ്മീൻ കൂടുതൽമാക്കറ്റുള്ളതു് അമേരിക്കയിലാണു്. 34 കോടി റാത്തൽ ചെമ്മീനാണു് അവിടെ ചെലവാകുന്നതു്. അതിന്റെ 40 ശതമാനം മാത്രമേ ഇവിടെ പിടിക്കപ്പെടുന്നുള്ളു. ബാക്കി 60 ശതമാനവും നാനാരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുകയാണു്. കേരളത്തിൽ ധാരാളം ചെമ്മീൻ ഉണ്ടു്. നാം പിടിക്കപ്പെടുന്നതു് വെറും ഒരു ശതമാനം മാത്രമാണു്. ആധുനിക രീതിയിലുള്ള ബോട്ടു ഉപയോഗിച്ചു് ചെമ്മീൻ പിടിക്കുന്ന പക്ഷം അമേരിക്കയിലെ ആവശ്യത്തിനുള്ള ചെമ്മീൻ മുഴുവനും കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യാൻ കഴിയും. അങ്ങനെ നമ്മുടെ ഗവണ്മെന്റിനു അനേകം ഡോളർ സമ്പാദിക്കുന്നതിനും ആളുകളുടെ പട്ടിണിയും കഷ്ടപ്പാടും മാറുന്നതിനും ഇടയാകും. അതിലേക്കു് ഗവണ്മെന്റു വേണ്ട സഹകരണം ചെയ്യണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്.

വർഷകാലത്തു മത്സ്യതൊഴിലാളികളും വളരെയധികം പുറംകടലിൽ ചെന്നു മത്സ്യം പിടിക്കാത്തപക്ഷം അവർ പട്ടിണിയിൽ ആയിപ്പോകും. അതുകൊണ്ടു് വർഷകാലങ്ങളിൽ വലിയ കപ്പൽ കൊടുത്തു പുറംകടലിൽ ചെന്നു് ആപത്തുകൂടാതെ മത്സ്യം പിടിക്കുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കണമെന്നും എനിക്കഭ്യർത്ഥനയുണ്ടു്. ഇത്രയും കാര്യങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയിലു് വിട്ടുകൊണ്ടു് ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ : ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം വളരെ അഭിനന്ദനാർഹമാണെന്നു പല ഭരണകക്ഷി അംഗങ്ങളും ഇവിടെ പ്രസ്താവിക്കയുണ്ടായി. അതിനോടു് ഞാൻ വിയോജിക്കുന്നു. ശ്രീമാൻ വിശ്വനാഥൻ ഫിഷിംഗ് ഹാർബറുകളുടെ പണിയിൽ കാലാതമസം വരുമെന്നുള്ളതുകൊണ്ടാണു് ഈ വകുപ്പിലെ പ്ലാൻ ടാർജറ്റു് എത്താത്തതെന്നു് പറയുകയുണ്ടായി. മൂന്നാം പഞ്ചവൽസരപദ്ധതിയിൽ 450 ലക്ഷം രൂപയാണു് ഈ വകുപ്പിലേക്കു വച്ചിരിക്കുന്നതു്. അതിൽ നൂറുലക്ഷം രൂപ മാത്രമാണു് ഫിഷിംഗ് ഹാർബറുകൾക്കുവേണ്ടി വച്ചിട്ടുള്ളതു്. ബാക്കിയുള്ള 350 ലക്ഷം രൂപയുടെ ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

യുള്ള ചെലവു നോക്കിയാലും തൃപ്തികരമല്ല. മൂന്നാം പദ്ധതിയുടെ നാലാം വർഷത്തിന്റെ അവസാനത്തിൽ 196 ലക്ഷം രൂപയാണ് ഫിഷറീസ് വകുപ്പിൽ ചിലവാകുമെന്ന് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്. ഇതിൽ 25 ലക്ഷം രൂപയാണ് ഫിഷിംഗ് ഹാർബറിനുവേണ്ടി ചെലവാകുന്നത്. 170 ലക്ഷം രൂപ മാത്രമാണ് നാലു വർഷംകൊണ്ട് ഫിഷിംഗ് ഹാർബർ ഒഴിച്ചുള്ള 350 ലക്ഷം രൂപയിൽത്തന്നെ ചെലവാക്കുവാൻ പോകുന്നത്. നാലു വർഷം കൊണ്ട് മൊത്തം പ്ലാൻ ഔട്ട്‌ലേയുടെ 50 ശതമാനം മാത്രമേ ഹാർബർ ഒഴിച്ചുള്ള സ്കീമിനുവേണ്ടിയും ചെലവാകുന്നുള്ളൂ. ആ സ്ഥിതിക്ക് ഈ വകുപ്പിന്റെ പ്രവർത്തനം ഏറ്റവും മന്ദഗതിയിലാണെന്നാണ് എനിക്കു ഈ സന്ദർഭത്തിൽ പറയുവാനുള്ളത്.

വിഴിഞ്ഞം ഹാർബറിനു 130 ലക്ഷം രൂപയാണ് അതിന്റെ ആദ്യഘട്ടത്തിൽ ചെലവാക്കേണ്ടതു്. എന്നാൽ മൂന്നാം പദ്ധതിയിൽ എല്ലാ ഹാർബർ കംകളുമായി 100 ലക്ഷം രൂപയാണ് നീക്കിവച്ചിരിക്കുന്നത്. ആ നിലയ്ക്കു വിഴിഞ്ഞം ഹാർബർ നാലാം പദ്ധതിക്കാലത്തു മാത്രമേ പൂർത്തിയാകയുള്ളൂ. ഇതു് രണ്ടാം പഞ്ചവത്സരപദ്ധതിയിലുൾപ്പെടുത്തിയിരുന്ന ഒരു സ്കീമാണ്. പക്ഷേ രണ്ടാം പദ്ധതിക്കാലത്തു് അവിടെയൊന്നും ചെയ്തില്ല. മൂന്നാം പദ്ധതിയുടെ ഒന്നാം വർഷത്തിലാണ് ചില പ്രവർത്തനങ്ങൾ ആരംഭിച്ചതു് ഈ കൊല്ലത്തിൽ നീക്കിവച്ചിരിക്കുന്ന അഞ്ചുലക്ഷം രൂപ ചെലവാകുമെന്നു വിശ്വസിക്കുകയാണ്. അടുത്ത വർഷത്തിൽ പത്തുലക്ഷം രൂപമാത്രം നീക്കിവച്ചിരിക്കുകയാണ്. പണി പുരോഗമിക്കുന്നതിനു് തടസ്സം പറയുന്നതു് യന്ത്രസാമഗ്രികൾ വിദേശ രാജ്യങ്ങളിൽനിന്നും വാങ്ങുന്നതിനു ആവശ്യമായ വിദേശനാണ്യം കിട്ടുന്നില്ല എന്നാണ്. ഇങ്ങനെയാണെങ്കിൽ വിദേശനാണ്യം കിട്ടുകില്ല എന്നുള്ള നിഗമനത്തിൽക്കൂടി ഗവണ്മെന്റു മുന്നോട്ടുപോകുന്നു എന്നാണ് മനസ്സിലാക്കേണ്ടതു്. എന്തെന്നാൽ എന്റെ അറിവു് 15 ലക്ഷം രൂപയുടെ വിദേശനാണ്യം ഇതിനു വേണമെന്നാണ്. ആ പതിനഞ്ചുലക്ഷം രൂപയെങ്കിലും ഇതിലേക്കു് വകകൊള്ളിക്കേണ്ടതായിരുന്നു. വിദേശനാണ്യം ലഭിക്കുന്നതിനു കാര്യമായ ആത്മാർത്ഥമായ യാതൊരു പ്രവർത്തനവും ഈ ഗവണ്മെന്റു നടത്തിയിട്ടില്ല, നടത്താൻ പോകുന്നുമില്ല. മൂന്നാം പദ്ധതിയിൽ മാത്രം ഉൾപ്പെടുത്തിയതും, കഴിഞ്ഞവർഷം ഒടുവിൽ ആരംഭിച്ചതുമായ മാപ്പിള ബേയുടെ പണി 64-65 ആകുമ്പോഴത്തേയ്ക്കും പൂർത്തിയാകും എന്നു പ്രതീക്ഷിക്കാമെന്നു പഞ്ചവത്സരപദ്ധതി നാലാംവർഷ പരിപാടി എന്ന പ്രസിദ്ധീകരണത്തിൽ പറഞ്ഞിരിക്കുന്ന മാപ്പിള വിഴിഞ്ഞം ഹാർബറുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ വളരെ ചെറുതാണ് എന്നെനിക്കറിയാം. പക്ഷേ മാപ്പിള ബേ പൂർത്തിയാക്കുന്നതിൽ കാണിക്കുന്ന ആത്മാർത്ഥതയും ആവേശവും വിഴിഞ്ഞം പദ്ധതി പൂർത്തിയാക്കുന്നതിൽ ഈ ഗവണ്മെന്റു് കാണിക്കുന്നില്ല എന്നു പറയാതെ നിവൃത്തിയില്ല. കഴിഞ്ഞകൊല്ലം ഇവിടം സന്ദർശിച്ച കേന്ദ്ര ഡെപ്യൂട്ടിമന്ത്രി ശ്രീ. എം. എം. തോമസ് സംസ്ഥാന ഗവണ്മെന്റു വിഴിഞ്ഞം ഹാർബറിൽ വേണ്ടത്ര ശ്രദ്ധയും താൽപ്പര്യവും കാണിക്കുന്നില്ല എന്നു പരസ്യമായി പ്രസ്താവിക്കയുണ്ടായി. അതിനുശേഷം അൽപ്പം താൽപ്പര്യം കാണിച്ചിട്ടുണ്ട്. ഈ കൊല്ലം 5 ലക്ഷം രൂപ ഉൾപ്പെടുത്തിയിരുന്നതിൽ കൂടുതൽ തുക ചെലവാക്കുവാൻ സാധിക്കുമായിരുന്നു. സപ്ലിമെന്ററി ഡിമാൻറുമൂലം അതു ചെയ്തില്ല. അടുത്ത വർഷത്തേക്കു പത്തുലക്ഷം രൂപ വച്ചിരിക്കുന്നതു പോരാ എന്നാണ് എനിക്കഭിപ്രായമുള്ളതു്. ഇന്നത്തെ ഫിഷറീസ് വകുപ്പു മന്ത്രിക്കു അദ്ദേഹം വിഴിഞ്ഞം സന്ദർശിച്ചതിനുശേഷം കൂടുതൽ താൽപ്പര്യമുണ്ടെന്നു ഞാൻ മനസ്സിലാക്കിയിരുന്നു. എന്നാൽ ഇന്നു ബഡ്ജറ്റു കണ്ടപ്പോൾ എന്റെ പ്രതീക്ഷ വേണ്ടത്ര ന്യായീകരിക്കത്തക്ക വിധത്തിൽ ആയിട്ടില്ല. ഈ അവസരത്തിൽ എനിക്കു പറയുവാനുള്ളതു് ഈ പത്തുലക്ഷം രൂപ വച്ചിരിക്കുന്നതു് ഒരു ടോക്കൺ പ്രൊവിഷൻ ആയി മാത്രം കരുതി ആവശ്യമുള്ള വിദേശനാണ്യം ഈ കൊല്ലംതന്നെ സമ്പാദിച്ചുകൊണ്ടു് പ്ലാനിൽ കൊള്ളിച്ചിട്ടുള്ള നൂറുലക്ഷം രൂപയും ഫിഷിംഗ് ഹാർബറുകൾക്കു ചെലവാക്കുവാൻ നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണമെന്നാണു്. ഫിഷിംഗ് രാജ്യത്തിന്റെ സമ്പത്തു വർദ്ധിപ്പിക്കുവാനുള്ള പ്രത്യുല്പാദനപരമായ ഒരു പദ്ധതിയാണെന്നുള്ള നിലപാടു സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കുഞ്ഞമ്പു : സ്പീക്കർ സർ, ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് വിലയേറിയ നിർദ്ദേശങ്ങളും സഹായകരമായ ഉപദേശങ്ങളും നൽകിയ എല്ലാ ബഹുമാനപ്പെട്ട മെമ്പർമാർക്കും ഞാൻ ആദ്യമായി നന്ദിപറഞ്ഞുകൊള്ളട്ടെ.

ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. രവീന്ദ്രൻ ഇവിടെ ചില വസ്തുതകളെല്ലാം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ കഴിഞ്ഞകാലത്തു് മൊത്തം പ്ലാനിൽ നീക്കിവെച്ച 450 ലക്ഷത്തിൽ പകുക്കം സംഖ്യ മാത്രമേ ഗവണ്മെന്റിനു് ചെലവാക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നു് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. 1961–62–ലെ ബഡ്ജറ്റിൽ 43.52 ലക്ഷം രൂപയാണു് നീക്കിവെച്ചിരുന്നതു് 1962-63-ൽ 64.55 ലക്ഷം രൂപയും, 63–64–ൽ 64.29 ലക്ഷം രൂപയും, 64–65–ലേയ്ക്കു് 77.57 ലക്ഷം രൂപയുമാണു് നീക്കിവെച്ചിട്ടുള്ളതു്. ഇതെല്ലാം പരിശോധിച്ചാൽ 62 ശതമാനത്തോളം ഈ ഡിപ്പാർട്ടുമെന്റു് ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ടെന്നു് കാണാവുന്നതാണു്. ഇക്കൊല്ലം നീക്കിവെച്ച സംഖ്യയിൽ 99 ശതമാനവും ചെലവാക്കാൻ കഴിയുമെന്നാണു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. എന്നിരുന്നാലും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ മൽസ്യത്തൊഴിലാളികളുടെ കാര്യത്തിൽ ഈ ഗവണ്മെന്റു താല്പര്യം കാണിക്കുന്നില്ലെന്നു' സൂചിപ്പിക്കുകയുണ്ടായി. മൽസ്യവ്യവസായവികസനത്തോടൊപ്പം മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിലേയ്ക്കുമായി ആവശ്യമായ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതിനാവശ്യമായ നടപടി ഈ ഗവണ്മെന്റു് എടുത്തുവരുന്നതിൽ അല്പമെങ്കിലും പുരോഗതിയുണ്ടെന്നു് അദ്ദേഹം തന്നെ സമ്മതിക്കുകയുണ്ടായി. പ്ലാൻവർഷത്തിൽ എട്ടു് ഐസു് പ്ലാന്റു ഉണ്ടാക്കണമെന്നാണു് തീരുമാനിച്ചിരുന്നതു്. ആ ഐസു് പ്ലാന്റിൽ ഇന്നു് ഏകദേശം കായംകുളം, മടായി യിലും കൊച്ചിയിലും മൂന്നു ഐസു് പ്ലാന്റുകൾ സ്ഥാപിച്ചു അവയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടു്. ബ്ലാങ്ങാടു് ഒരു ഐസു് പ്ലാന്റിന്റെ പ്രവർത്തി പൂർത്തിയായിട്ടുണ്ടു്. ഒരു ഐസു് പ്ലാന്റിന്റേയും കോൾഡു് സ്റ്റോറേജിന്റേയും പ്രവർത്തനം രണ്ടു മാസത്തിനുമുമ്പു് കാസർകോട്ടു ആരംഭിച്ചിരിക്കുകയാണു്. താനൂരിലും ഒരു ഐസു് പ്ലാന്റു തുടങ്ങുന്നതിനാവശ്യമായ പണികളും ആരംഭിച്ചിട്ടുണ്ടു്. തോഴിക്കോട്ടു ജില്ലയിൽ താനൂരിൽ പ്രവർത്തനം പുരോഗമിച്ചുവരുന്നുണ്ടു്. മറ്റൊന്നു് ആലപ്പുഴയിലാണു്. അവിടെ ചില സാങ്കേതികതടസങ്ങളാൽ അതിന്റെ പ്രവർത്തനത്തിനു് തടസം നേരിട്ടിരിക്കുകയാണു്. അതിനാവശ്യമായ സ്ഥലം അക്വയർ ചെയ്തു് ടെൻഡറും വിളിച്ചു് പ്രവർത്തനം ആരംഭിച്ചപ്പോൾ അവിടെയുള്ള മുനിസിപ്പാലിറ്റിയുടെ സമ്മതം വാങ്ങിയില്ലെന്നുള്ള കാരണത്താൽ സാങ്കേതിക തടസം പറഞ്ഞു മുനിസിപ്പൽ ചെയർമാൻശ്രീ. ടി. വി. തോമസു് സ്റ്റേചെയ്തിരിക്കുകയാണു് അവിടെമാത്രമേ ഇനി പ്രവർത്തനം ആരംഭിക്കാനുള്ള. ബ്ലാങ്ങാടു് ഉള്ളതു് പ്രവർത്തനരംഗത്തു് വന്നിരിക്കുകയാണു്. ബാക്കിയുള്ള മൂന്നു സ്ഥലങ്ങളിലേയും പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. കൊച്ചിയിൽ ഒരു ഫ്രീസിംഗ് പ്ലാന്റു 28 ലക്ഷം രൂപ ചെലവാക്കികൊണ്ടു് ആരംഭിക്കുകയുണ്ടായി. ഓരോ കൊല്ലവും ഗവണ്മെന്റിനു കിട്ടുന്ന വരുമാനം എല്ലാം ചെലവുചെയ്തുകഴിഞ്ഞാലും 9 ലക്ഷത്തോളം രൂപ ഗവണ്മെന്റിനു് ലാഭം കിട്ടികൊണ്ടിരിക്കുന്നു. ഇനി പത്തു ലക്ഷത്തോളം രൂപ ചെലവഴിച്ചുകൊണ്ടു് മറ്റൊരു ഫ്രീസിംഗ് പ്ലാന്റു ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചു വരികയാണു്. അങ്ങനെ അവിടെയുള്ള മൽസ്യത്തൊഴിലാളികൾക്കു് ഇനിയും കൂടുതൽ പുരോഗതി കൈവരുന്നതാണു്.

ശ്രീ. രവീന്ദ്രൻ മറ്റൊരു കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചതു് യന്ത്രവൽകൃതബോട്ടുകളും വിതരണം ചെയ്യുന്നതിനെപ്പറ്റിയാണു്. ബോട്ടുകളും വിതരണം ചെയ്യുന്നതിൽ ഭരണകക്ഷിയിലെ മെമ്പറന്മാർ കൈയിടുന്നുവെന്ന്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കഞ്ഞമ്പു]

അദ്ദേഹം പറയുകയുണ്ടായി. സർ, യാതൊരുവിധത്തിലും അതിൽ തരണ കക്ഷിയിലെ അംഗങ്ങളെ കൈകടത്തുന്നില്ലെന്നുള്ളതാണു് വാസ്തവം. ഒരു കമ്മിറ്റിയാണു് ടെയിനിംഗിനു ആളെ തിരഞ്ഞെടുക്കുന്നതു് ഏറെറടുത്തിരിക്കുന്നതു്, അതിൽ വിവിധ രാഷ്ട്രീയ പാർട്ടികളിൽ ഉള്ളവർ ഉണ്ടെന്നാണു് എന്റെ വിശ്വാസം. 760 ബോട്ടുകളും മൂന്നാം പഞ്ചവൽസരപദ്ധതിയിൽ വിതരണം ചെയ്യണമെന്നു് വ്യവസ്ഥയുണ്ടു്. പക്ഷെ ഗവണ്മെൻറിനു് അതുപോലും ബോട്ടുകളും കൊടുക്കാൻ സാധിച്ചിട്ടില്ല. കാരണം ഈ രാജ്യത്തു് ഉണ്ടാക്കുന്ന ബോട്ടുകളിൽ വിദേശരാജ്യങ്ങളിൽനിന്നും ഇൻജിനുകളും വരുത്തി ഘടിപ്പിക്കേണ്ടതുണ്ടു്. അങ്ങനെ വിദേശരാജ്യങ്ങളിൽനിന്നും ഇൻജിനുകളും വരുത്താൻ വിദേശനാണ്യദൗർലഭ്യം മൂലം സാധിക്കുന്നില്ല. ഇക്കൊല്ലം തന്നെ യൂഗോസ്ലാവിയായിൽ നിന്നും 68 ബോട്ടുകളും തരാമെന്നു് പറഞ്ഞിട്ടുണ്ടു്. എന്നിരുന്നാലും ഈ മൂന്നാം പഞ്ചവൽസരപദ്ധതിയുടെ അവസാനത്തോടുകൂടി തന്നെ നാം ഉദ്ദേശിക്കുന്ന ബോട്ടുകളും കൊടുക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. മുപ്പതു് മുപ്പത്തിരണ്ടു അടി നീളമുള്ള ബോട്ടുകളാണു് ഇപ്പോൾ വിതരണം ചെയ്യുന്നതു്. ഇങ്ങനെ ടെയിനിംഗു് തിരഞ്ഞെടുക്കുന്നതു് വിവിധ രാഷ്ട്രീയ പാർട്ടികളിലുള്ള അംഗങ്ങളുമുണ്ടു്. എല്ലാ സ്ഥലങ്ങളിലും സെലക്ഷൻ കമ്മിറ്റിയാണു് പരിശീലനം കൊടുക്കുന്നതിനുള്ള ആളുകളെ തിരഞ്ഞെടുക്കുന്നതു്. നാലു ടെയിനിംഗു് ലഭിച്ചവരേയും നാലു ടെയിനിംഗു് ലഭിക്കാത്തവരേയും ചേർത്തു ഓരോ ഗ്രൂപ്പായിട്ടാണു് ബോട്ടു നൽകുന്നതു്.

വൻപിച്ച മത്സ്യവ്യവസായത്തിനു സാദ്ധ്യതയുള്ള കേരളത്തെ പ്രത്യേകമായി പരിഗണിക്കണമെന്നു് ഈ ഗവണ്മെൻറു ഇൻഡ്യാഗവണ്മെൻറിനോടു് സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിട്ടാണു് കഴിഞ്ഞവർഷം ഇൻഡോ നേഷ്യൻ സഹായത്തോടുകൂടി ഇവിടെ ഒരു ഡീസൽ ഇൻജിൻ ഫാക്ടറി ആരംഭിക്കാൻ അനുവാദം കൊടുത്തിരിക്കുകയാണു്. ഇൻഡ്യയിൽ ആകെ നാലു സ്വകാര്യ ഉടമകൾക്കു മാത്രമേ ഡീസൽ ഇൻജിൻ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള ലൈസൻസു് കൊടുത്തിട്ടുണ്ടായിരുന്നുള്ളു. ഇവിടെ ഈ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഗണ്യമായ രീതിയിൽ ഇവിടെ ബോട്ടുകളും ഉണ്ടാക്കാമെന്നുള്ളതിൽ സംശയമില്ല.

മറെറാരു കാര്യം അംഗങ്ങൾ ചൂണ്ടിക്കാണിച്ചതു് ഇവിടെ ഒരു നൈലോൺ നെറ്റുണ്ടാക്കുന്ന ഫാക്ടറി സ്ഥാപിക്കുന്നതിനെപ്പറ്റിയാണു്. അതു് ആരംഭിക്കുന്നതിനുവേണ്ടി ഈ സംസ്ഥാനത്തിനു് ചെയ്യാനുള്ളതു് ആവശ്യമായ ഭൂമി എടുത്തുകൊടുക്കുകയെന്നുള്ളതാണു്. ആ അടിസ്ഥാനത്തിൽ ഈ ഗവണ്മെൻറു ആവശ്യമായ ഭൂമി എടുത്തുകൊടുത്തിട്ടുണ്ടു്. അതിനാവശ്യമായ മെഷീനറി വിദേശത്തുനിന്നു വരുത്തണം. യന്ത്രങ്ങൾ വരുത്തുന്നതിനാവശ്യമായ വിദേശനാണ്യം ഇൻഡ്യാ ഗവണ്മെൻറു അനുവദിച്ചു തരണം. അതിനു വേണ്ടി ഈ ഗവണ്മെൻറു ഇൻഡ്യാഗവണ്മെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടാണു് ഇവിടെ ആ ഫാക്ടറി ഉണ്ടാക്കാൻ ഇതുവരെയും സാധിക്കാത്തതു്. ഇതെല്ലാം ഒഴിച്ചു് മറു എല്ലാ രംഗങ്ങളിലും ഈ ഗവണ്മെൻറു വളരെ താൽപര്യത്തോടുകൂടി പ്രവർത്തിച്ചിട്ടുണ്ടെന്നു കാണാവുന്നതാണു്. 180 ഓളം സഹകരണസംഘങ്ങൾ ഈ മൂന്നാം പഞ്ചവത്സരപദ്ധതിയിൽ തുടങ്ങണമെന്നു് കാണിച്ചിട്ടുണ്ടു്. ഇക്കൊല്ലംതന്നെ 150—തോളം മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടു്. അതിൽ വമ്പിച്ച പുരോഗതിയുണ്ടായിട്ടുണ്ടെന്നു് എല്ലാവരും സമ്മതിക്കുന്നതാണു്. സഹകരണസംഘങ്ങളിൽ കൂടി ബോട്ടുകളും വിതരണം ചെയ്താൽ മാത്രമേ മത്സ്യത്തൊഴിലാളികളുടെ നീറുന്ന പ്രശ്നങ്ങൾക്കു് ശാശ്വതമായ പരിഹാരം കാണാൻ സാധിക്കുകയുള്ളുവെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ, സാമൂഹ്യ പ്രവർത്തകരുടേയും, നാട്ടുകാരുടേയും ഗവണ്മെൻറുദ്യോഗസ്ഥന്മാരുടേയും സഹകരണസംഘത്തോടുകൂടി കൂടുതൽ കൂടുതൽ സഹകരണപ്രസ്ഥാനങ്ങളും ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടു്. മത്സ്യത്തൊഴിലാളികൾക്കു് യന്ത്രവൽകൃതബോട്ടുകളിൽ പരിശീലനം കൊടുക്കുന്നതിനു ചില കാര്യങ്ങളെല്ലാം സ്വീകരിച്ചിട്ടുണ്ടു്. അതായതു്, മുങ്ങിയതു് അഞ്ചുകൊല്ലത്തെ കടലിൽപോയിയുള്ള പരിചയം വേണം, അഞ്ചാം

LIBRARY ARCHIVES Kerala Legislative Assembly

ക്കാസ്സുവരെയെങ്കിലും പഠിച്ചിരിക്കണം, മത്സ്യത്തൊഴിലാളികൾ ഒരു പ്രത്യേക സമുദായത്തിൽപ്പെട്ടവരായിരിക്കണം, സഹകരണസംഘത്തിലെ അംഗമായിരിക്കണം. ഇതെല്ലാം ഉള്ള ഒരാളിനെ അഡ്വൈസറി കമ്മിറ്റിയാണ് തിരഞ്ഞെടുക്കുന്നത്. തിരുവനന്തപുരം കൊല്ലം എന്നീ ഡിസ്ട്രിക്റ്റുകളിൽ ശ്രീ. സുഗതൻകുടി ഉൾപ്പെടുന്ന ഒരു കമ്മിറ്റിയാണ് ഇതിലേക്ക് വേണ്ടി രൂപീകരിച്ചിട്ടുള്ളത്. ഈ കമ്മിറ്റിയുടെ പ്രവർത്തനത്തെപ്പറ്റി ഇതുവരെയായിട്ടും ആരിൽനിന്നും യാതൊരു തരത്തിലുള്ള ആക്ഷേപവും ഉണ്ടായിട്ടില്ല. വിഴിഞ്ഞം, കൊച്ചി, ബേപ്പൂർ, കണ്ണൂർ എന്നീ നാലു കേന്ദ്രങ്ങളിൽവച്ചാണ് പരിശീലനം കൊടുക്കുന്നത്. 30 പേരെ വീതമാണ് എടുത്തുകൊണ്ടിരുന്നത്. ഇക്കൊല്ലം കൂടുതൽ തൊഴിലാളികൾക്ക് പരിശീലനം കൊടുക്കണമെന്നുള്ള ഉദ്ദേശം വച്ചുകൊണ്ട് ഓരോ കേന്ദ്രങ്ങളിലും അറുപത് പേരെ വീതം തെരഞ്ഞെടുത്തു പരിശീലനം കൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്.

ഈ രാജ്യത്ത് ആവശ്യമായ കക്കൂസും കിണറും ഇന്നില്ലെന്നാണ്. ഇതുവരെയായിട്ട് അവിടവിടെയായി പതിനെട്ട് കിണറുകൾ കഴിച്ചിട്ടുണ്ട്. ഒന്നരണ്ടുസ്ഥലങ്ങളിൽ ലാട്രീനും കെട്ടിയിട്ടുണ്ട്. കിണറുകൾ കഴിക്കുന്ന കാര്യത്തിലും ലാട്രീൻ കെട്ടുന്ന കാര്യത്തിലും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉയർന്നവിദ്യാഭ്യാസം ചെയ്യുന്നതിനാവശ്യമായ സ്കോളർഷിപ്പ് നൽകുന്നുണ്ട്. 150-ഓളം വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് കോളേജിൽ മുഴുവൻ ഫീസു സൗജന്യവും കൊടുക്കാനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സ്വകാര്യ ഉടമകൾ ഈ രാജ്യത്തു കൂടുതൽ ബോട്ടുകൾ ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ ഉടമകൾ ബോട്ടുകൾ ഇറക്കുകയാണെങ്കിൽ അവക്കാവശ്യമായ സബ്സിഡി കൊടുക്കുവാനും വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ആകപ്പാടെ നോക്കിയാൽ ഗവണ്മെൻറിന്റെ പ്രവർത്തനത്തിൽ പുരോഗതിയുണ്ടായിട്ടുണ്ടെന്നും കാണാവുന്നതാണ്.

ശ്രീ. പി. രവീന്ദ്രൻ : ആയിരം വീടുകൾ മൂന്നാം പഞ്ചവത്സരപദ്ധതിയിൽ മത്സ്യത്തൊഴിലാളികൾക്ക് കെട്ടികൊടുക്കാമെന്നു പറഞ്ഞിട്ടുണ്ട് എന്നാൽ അതിൽ 65 എണ്ണം മാത്രമേ ഇപ്പോൾ പൂർത്തിയാക്കികൊടുത്തിട്ടുള്ളുവെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതുപോലെതന്നെ കിണറുകൾ കഴിച്ചിട്ടുള്ളതും ലാട്രീനുകൾ കെട്ടിയിട്ടുള്ളതും കഴിഞ്ഞകാലത്തു തന്നിട്ടുള്ള റിപ്പോർട്ടുകളിൽ പറഞ്ഞിട്ടില്ലെന്നുള്ളതറിയാമോ?

ശ്രീ. കെ. കുഞ്ഞാമ്പു: തിരുവനന്തപുരത്തു കോട്ടുകാൽ എന്ന സ്ഥലത്തു് ഇരുപതു് വീടുകളും, കണ്ണൂരിൽ മലയാറയിൽ ഇരുപതു് വീടുകളും, പള്ളിക്കൽ ഇരുപതു് വീടുകളും, കൊല്ലത്തു് തങ്കശേരിയിൽ നാൽപതു് വീടുകളും, ഏറണാകുളത്തു് മുനമ്പത്തു് ഇരുപതു് വീടുകളും ശ്രീ. ശ്രീനിവാസൻറെ നിയോജകമണ്ഡലത്തിൽ 59 വീടുകളും തൃശ്ശൂരിൽ പൊന്നാനിയിൽ ഇരുപതും, തിരൂർ തിരുരങ്ങാടി, പാലക്കാടു് ആലപ്പുഴ എന്നീസ്ഥലങ്ങളിൽ പുനനിർമ്മാണത്തിനാവശ്യമായ നടപടികളും എടുത്തിരിക്കുകയാണ്. 150 വീടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളതിൻറെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ വർഷവും ഓരോ ലക്ഷം രൂപയാണ് ഇതിലേക്കുവേണ്ടി വകകൊള്ളിച്ചിട്ടുള്ളതു്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ രണ്ടു ലക്ഷത്തോളം രൂപ വകയിരുത്തിയിട്ടുണ്ട്. ഇങ്ങനെ ഇതിലേക്കുവേണ്ടി ബഡ്ജറ്റിൽ നീക്കിവെച്ചിരിക്കുന്ന തുകകൾ ഉപയോഗിച്ചു മത്സ്യത്തൊഴിലാളികൾക്കു് ഭവനങ്ങൾ ഉണ്ടാക്കികൊടുക്കുകയും, കിണറുകൾ കഴിച്ചുകൊടുക്കുകയും, റോഡുകൾ വെട്ടികൊടുക്കുകയും, ലാട്രീനുകൾ കെട്ടികൊടുക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇതിലേയ്ക്കുവേണ്ടി നീക്കിവെച്ചിട്ടുള്ള സംഖ്യയിൽ ഒട്ടുംതന്നെ ലാപ്സായിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കുഞ്ഞമ്പു]

ശ്രീ. പി. വിശ്വംഭരൻ ഇവിടെ പറയുകയുണ്ടായി വിഴിഞ്ഞം ഹാർബറിന്റെ പണിയിൽ, മാപ്പിളബേയുടെ പണിയിൽ കാണിക്കുന്നതുപോലെയുള്ള താൽപര്യം ഗവണ്മെന്റു കാണിക്കുന്നില്ലെന്നു്. മാപ്പിളബേ, അതു് ഒരു ഇൻഡോനോർവീജിയൻ പദ്ധതിയാണു്. സ്റ്റേറ്റുഗവണ്മെന്റു നേരിട്ടു നടത്തുന്ന ഒരു വക്ക്ല്ല അതു്. വിഴിഞ്ഞം ഹാർബറിന്റെ പണിയ്ക്കുവേണ്ടി എട്ടു ടൺ ഭാരമുള്ള ഒരു ക്രയിൻ ആവശ്യമുണ്ടു്. ഇതിന്റെ പണി ഏറ്റെടുക്കുന്നതിനു് ഇൻഡ്യയിൽ ആരുംതന്നെയില്ല. അതുകൊണ്ടു് ലോകത്തു് എല്ലായിടത്തും ഇതിന്റെ പണി ഏറ്റെടുക്കുന്നതിനുള്ള ടെണ്ടർ വിളിച്ചിരിക്കുകയാണു്. ഈ ഹാർബറിന്റെ പണിയ്ക്കുവേണ്ടി പത്തുലക്ഷം രൂപയുടെ വിദേശനാണ്യം വേണമെന്നാണു് കണക്കാക്കിയിരിക്കുന്നതു്. ഇൻഡ്യാ ഗവണ്മെന്റിന്റെ അടുക്കൽ ഇതിലേക്കാവശ്യമായ സഹായം ചെയ്യുന്നതിനു് സമ്മർദ്ദം ചെലുത്തിയിരിക്കുകയാണു്. ഇപ്പോഴത്തെ ബഡ്ജറ്റിൽ ഇതിന്റെ പണിയ്ക്കുവേണ്ടി അഞ്ചു് ലക്ഷം രൂപയാണു് നീക്കിവെച്ചിരിക്കുന്നതു്. വിഴിഞ്ഞം ഹാർബറിന്റെ ആവശ്യത്തിനുവേണ്ടി 26 ഏക്കർ സ്ഥലം പൊന്നുംവിലയ്ക്കെടുത്തിട്ടുണ്ടു്. അവിടേക്കാവശ്യമുള്ള ഓഫീസു കെട്ടിടത്തിന്റേയും, അപ്രോച്ചു് റോഡിന്റേയും പണി പൂർത്തിയാക്കിയിട്ടുണ്ടു്. ഹാർബറിനാവശ്യമായ യന്ത്രങ്ങൾക്കുവേണ്ടി ഇരുപതു് ലക്ഷം രൂപയുടെ ഓർഡർ കൊടുത്തിരിക്കുകയാണു്. അതുകൊണ്ടു് ഇക്കൊല്ലം നീക്കിവച്ചിരിക്കുന്ന അഞ്ചുലക്ഷം രൂപ ചെലവഴിക്കുന്നതിൽ ഒരു പ്രയാസവും ഉണ്ടാകുകയില്ല.

ശ്രീ. പി. വിശ്വംഭരൻ : 20 ലക്ഷം രൂപയുടെ ടെൻഡർ വിളിച്ചിട്ടുണ്ടെന്നു പറഞ്ഞു. പിന്നെയെന്താണു് ഇത്തവണ ബഡ്ജറ്റിൽ അതിലേയ്ക്കുവേണ്ടി ഇത്ര കുറച്ചു തുക നീക്കിവച്ചിട്ടുള്ളതു് ?

ശ്രീ. കെ. കുഞ്ഞമ്പു : അതിന്റെ പ്രവർത്തനം തുടങ്ങുമ്പോൾ സപ്ലിമെന്ററി ഡിമാൻഡുമൂലം തുക ആവശ്യപ്പെടാവുന്നതാണു്. വിദേശനാണ്യത്തിന്റെ ദൗർലഭ്യമാണു് ഇപ്പോഴുള്ളതു്. ബ്രേക്കു് വാട്ടർ കെട്ടുന്നതിലേക്കു ലോകത്തു് എല്ലായിടത്തും ടെണ്ടർ വിളിച്ചിരിയ്ക്കുകയാണു്. ഒന്നോരണ്ടോ കൊല്ലംകൊണ്ടു പൂർത്തിയാക്കാൻ സാധിക്കുന്നതല്ല വിഴിഞ്ഞം ഹാർബർ. വിദഗ്ദ്ധന്മാരുടെ അഭിപ്രായം അനുസരിച്ചു് ഏകദേശം പന്ത്രണ്ടു് കൊല്ലമെങ്കിലും വേണ്ടിവരുമെന്നാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ബേപ്പൂർ ഫിഷിംഗു് ഹാർബറിന്റെ പണിയെ സംബന്ധിച്ചു് ചോദിച്ചപ്പോഴും, വിഴിഞ്ഞം ഹാർബറിനാവശ്യമായ യന്ത്രങ്ങളും മറ്റു സാധനസാമഗ്രികളും എല്ലാം തയാറാക്കിയിട്ടു് മാത്രമേ ബേപ്പൂരിന്റെ പണി ഊർജ്ജിതപ്പെടുത്താൻ സാധിക്കുകയുള്ളുവെന്നു് പറഞ്ഞു. അപ്പോഴും അതിന്റെ പ്രവർത്തനത്തിനു് വളരെയധികം കാലതാമസം ഉണ്ടാകുമെന്നാണോ പറയുന്നതു് ?

ശ്രീ. കെ. കുഞ്ഞമ്പു : ബേപ്പൂർ ഹാർബറിന്റെ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണു്. അതു് ചെറിയ ഒരു ഹാർബറാണു്. ഗവണ്മെന്റു് ആ രംഗത്തു് ആത്മാർത്ഥമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്. മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ പ്രവർത്തനങ്ങൾക്കും, മത്സ്യോൽപ്പാദനം കൂടുതൽ ഉണ്ടാക്കുന്നതിനാവശ്യമായ നടപടികളും ആണു് ഇപ്പോഴും എടുത്തിട്ടുള്ളതു്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർക്കു് ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനത്തെക്കുറിച്ചു് വലിയ പരാതികളൊന്നും പൂണ്ടിക്കാണിക്കാനില്ലെന്നു പറഞ്ഞതിൽ ഞാൻ സന്തോഷിക്കുകയാണു്. ഈ പ്രാവശ്യം ഇതിലേക്കുവേണ്ടി നീക്കിവെച്ച സംഖ്യ ചെലവാക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർമാർ ഗവണ്മെന്റിനെ സഹായിക്കണമെന്നു മാത്രമേ എനിക്കു് ഈ അവസരത്തിൽ പറയുവാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷിംഗ് ഹാർബറിനുവേണ്ടി നീക്കിവെച്ച സംഖ്യകൊ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും വരുന്ന ഒന്നോരണ്ടോകൊല്ലംകൊണ്ട് മാപ്പിളബേയുടേയും പണികൊ ആരംഭിക്കുമ്പോഴേ അവ ചെലവാക്കാൻ സാധിക്കുന്നതാണ്. കഴിഞ്ഞകാലങ്ങളിൽ മത്സ്യം കയറ്റി അയച്ചതുമൂലം മൂന്നു കോടിരൂപയുടെ വിദേശനാണ്യമാണ് സമ്പാദിക്കാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ 1963-64-ൽഅഞ്ചുകോടി എഴുപത്തിയേഴുലക്ഷത്തോളംരൂപയുടെ മത്സ്യം കയറ്റി അയയ്ക്കാൻ സാധിച്ചിട്ടുണ്ട്. അങ്ങനെ കൂടുതൽ വിദേശനാണ്യം സമ്പാദിക്കാൻ കഴിയുന്ന ഈ രംഗത്തു് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ട്. കൂടുതൽ കൂടുതൽ ഫിഷിംഗ് ട്രോളറുകൊ സ്ഥാപിക്കുന്നതിനും, ഐസ് പ്ലാന്റുകൊ സ്ഥാപിക്കുന്നതിനും കോൾഡ് സ്റ്റോറേജുകൊസ്ഥാപിക്കുന്നതിനും ശ്രമിക്കുന്നുണ്ട്.

ശ്രീ. കൃഷ്ണൻ വള്ളങ്ങളെപ്പറ്റി പറയുകയുണ്ടായി. ഇവിടെ പല ബഹുമാനപ്പെട്ട മെമ്പർമാരും പറഞ്ഞു യന്ത്രവൽകൃതബോട്ടുകളും നാടൻ വള്ളങ്ങളും ഉപയോഗിച്ച് കടലിൽപോയി മത്സ്യം പിടിക്കുന്നതിനു് ഒരുതീത്തി നിശ്ചയിച്ചിട്ടില്ലാത്തതുകൊണ്ടു് വളരെയധികം വിഷമങ്ങൊ ഉണ്ടാകുന്നുവെന്നു്. യന്ത്രവൽകൃതബോട്ടുകൊ ഉപയോഗിച്ച് കടലിൽ മൂന്നുനാഴിക ഉള്ളിൽപ്പോയി മത്സ്യം പിടിയ്ക്കാൻ പാടുള്ളുവെന്നു് കർശനമായി നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ: കഴിഞ്ഞ ഏതാനും ആഴ്ചകളായി ചാവക്കാട്ടുപുത്തൻ കടൽപുറത്തു് മത്സ്യം ഇല്ലാത്തതുകൊണ്ടു് അവിടെയുള്ള മത്സ്യത്തൊഴിലാളികൊ പട്ടിണിയാണെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അവർക്കു് ഗവണ്മെൻറിൽനിന്നും എന്തെങ്കിലും റിലീഫ് കൊടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെയൊരു വാർത്തപത്രങ്ങളിൽ കാണുകയുണ്ടായി. ശ്രീ. വിശ്വനാഥനും അക്കാര്യംഇവിടെ ചൂണ്ടിക്കാണിച്ചു. ഈ ഡിപ്പാർട്ടുമെൻറിൽനിന്നും എന്തെങ്കിലുംചെയ്യുകൊടുക്കാൻ സാധിക്കുമോയെന്നു നോക്കാവുന്നതാണു്. ഏതായാലും ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിനാവശ്യമായ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളുംതന്നു് ബഹുമാനപ്പെട്ട അംഗങ്ങൊക്കു് നന്ദിപറഞ്ഞുകൊണ്ടും, ഈ ഡിമാൻറു പാസാക്കിതരണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

**Mr. Speaker:** Mr. Hassan Gani is not in his seat.

**Mr. Ravindran** Do you press your cut-motion?

**Shri P. Ravindran :** Yes, I press.

The cut motion moved by Shri P. Ravindran was put and lost.

**Shri P. Ravindran :** Sir, I demand a poll.

A poll was taken, when the House divided as follows:

*Ayes* 41

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri K. Anirudhan
5 ,, Antony D'Cruz
6 ,, P. Balachandra Menon
7 ,, C. K. Balakrishnan
8 ,, N. E. Balaram
9 ,, K. Bhargavan
10 ,, E. P. Gopalan
11 ,, N. Gopala Kurup
12 Smt. K. R. Gouri
13 Shri K. V. John
14 Shri O. Koran
15 ,, K. Krishnan
16 ,, M. Krishnan
17 ,, R. Krishnan
18 ,, K. Krishna Pillai
19 ,, S. Kumaran
20 ,, P. M. Kunhiraman Nambiar
21 ,, P. V. Kunhunni Nair
22 ,, P. K. Kunjachan
23 ,, P. K. Kunju
24 ,, C. M. Kutty
25 ,, K. Moideenkutty Hajee

LIBRARY ARCHIVES Kerala Legislative Assembly

26 Shri K. V. Narayanan
27 ,, P. K. Narayanan Nambiar
28 ,, T. C. Narayanan Nambiar
29 ,, P. Narayanan Thampi
30 ,, N. Neelakantaru Pandarathil
31 ,, P. C. Raghavan Nair
32 ,, T. K. Ramakrishnan
33 Shri A. K. Ramankutty
34 ,, P. Ravindran
35 ,, E. M. Sankaran Namboodiripad
36 ,, P. S. Srinivasan
37 ,, R. Sugathan
38 ,, M. M. Sundaram
39 ,, V. P. C. Thangal
40 ,, M. V. Vasu
41 ,, P. Viswambharan

*Noes* 57

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, K. K. Balakrishnan
6 ,, P. C. Balakrishnan Nambiar
7 ,, R. Balakrishnan Pillai
8 ,, T. O. Bava
9 ,, N. Bhaskaran Nair
10 ,, Dr. K. M. Chacko
11 ,, G. Chandrasekhara Pillai
12 ,, P. C. Cherian
13 ,, K. A. Damodara Menon
14 ,, T. A. Dharmaraja Iyer
15 ,, P. R. Francis
16 ,, K. M. George
17 ,, George Joseph Podippara
18 ,, P. Gopalan
19 ,, M. Gopalankutty Nair
20 ,, Malethu Gopinatha Pillai
21 ,, M. P. Govindan Nair
22 ,, A. L. Jacob
23 ,, C. G. Janardhanan
24 ,, P. S. Karthikeyan
25 ,, K. G. Karunakara Menon
26 ,, K. Kochukuttan
27 ,, T. Krishnan
28 ,, P. R. Krishnan
29 Shri N. S. Krishna Pillai
30 ,, P. Kumaran
31 ,, K. Kunhambu
32 ,, C. Kunhikrishnan Nair
33 ,, M. Kunhikannan Nambiar
34 ,, M. Kunjukrishnan Nadar
35 ,, N. Kunjuraman
36 Smt. Leela Damodara Menon
37 Shri P. Madhavan
38 ,, V. Madura
39 ,, M. M. Mathai
40 ,, C. A. Mathew
41 ,, T. Murugesan
42 Smt. A. Nafeesath Beevi
43 Shri M. Narayana Kurup
44 ,, Kuroor Neelakantan Namboodiripad
45 ,, C. F. Pereira
46 ,, E. P. Poulose
47 ,, R. Raghava Menon
48 ,, R. Sankar
49 Smt. O. T. Sarada Krishnan
50 ,, K. R. Saraswathi Amma
51 Shri Shamsuddin
52 ,, K. T. Thomas
53 ,, Thomas John
54 ,, T. A. Thomman
55 ,, P. P. Ummer Koya
56 ,, K. R. Vijayan
57 ,, K. K. Viswanathan

**Mr. Speaker**: Those in favour of the cut motion—41

Against the motion—57

Neutrals—Nil

The Cut motion is lost

The question that Government be granted a sum of Rs. 72,66,200 under Demand XXIII, Fisheries was put and carried.

The Demand was passed and the grant was made

LIBRARY ARCHIVES Kerala Legislative Assembly